# ക്രിസ്തീയ സഭയും ശുശ്രൂഷാ ക്രമവും



ഡോ. ജോൺസൺ സി. ഫിലിപ്പ്
ഡോ. സനീഷ് ചെറിയാൻ

# ക്രിസ്തീയ സഭയും ശുശ്രൂഷാ ക്രമവും

(അടിസ്ഥാന ഉപദേശങ്ങൾ വാല്യം-6)

ഡോ. ജോൺസൺ സി. ഫിലിപ്പ്
ഡോ. സനീഷ് ചെറിയാൻ

BRETHREN RESEARCH GROUP

# പ്രസാധക കുറിപ്പ്

മനുഷ്യനോടുള്ള ദൈവസ്നേഹത്തിന്റെ പ്രദർശനമാണ് ക്രിസ്തുവിന്റെ ക്രൂശ് മരണം. തന്റെ മരണ അടക്ക പുനരുത്ഥാനം എന്ന അടിസ്ഥാനത്തിന്മേൽ പെന്തക്കോസ്തുനാളിൽ പരിശുദ്ധാത്മ സ്നാനത്താൽ സ്ഥാപിതമായ സഭ കൃപായുഗത്തിൽ ദൈവിക പദ്ധതിയുടെ കേന്ദ്രമായി നിലകൊള്ളുന്നു. മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിച്ചവർ സ്ഥലം സഭയോടു ചേർന്നു കൂട്ടായ്മ ആചരിക്കണമെന്നതു അടിസ്ഥാന ഉപദേശങ്ങളിൽ ഒന്നാണ് (അ.പ്ര. 2:42, 47). ആകയാൽ ബ്രദറൺ റിസേർച്ച് ഗ്രൂപ്പ് അടിസ്ഥാന ഉപദേശങ്ങൾ എന്ന പേരിൽ പ്രസിദ്ധീകരിച്ചുവരുന്ന പഠനഗ്രന്ഥ ശ്രേണിയിലെ 6-ാമതു ഗ്രന്ഥവും ദൈവജന ത്തിനു പ്രയോജനമാകും എന്ന വിശ്വാസത്തോടെ അവതരി പ്പിക്കുന്നു.

**ബ്രദറൺ റിസേർച്ച് ഗ്രൂപ്പ്**
**കൊച്ചി**

# ഉള്ളടക്കം


മുഖവുര

അദ്ധ്യായം 1
**സഭയുടെ അനുഷ്ഠാനങ്ങൾ**

സ്നാനം

കർത്തൃമേശ

അദ്ധ്യായം 2
**സഭാ പരിപാലനം**

സ്ഥാനീയ ശുശ്രൂഷകൾ

ഔദ്യോഗിക സ്ഥാനങ്ങൾ

അദ്ധ്യായം 3
**സ്ഥലം സഭയും ശിക്ഷണ ക്രമവും**

അദ്ധ്യായം 4
**സ്ഥലം സഭയും സുവിശേഷീകരണവും**

# ആമുഖം

മനുഷ്യനോടുള്ള ബന്ധത്തിലുള്ള ദൈവിക പ്രവർത്തന പദ്ധതിയുടെ ഉൽക്കൃഷ്ടതയാണ് യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ പാപമോചനം പ്രാപിച്ചവരുടെ കൂട്ടമായ ക്രിസ്തീയ സഭ. ക്രിസ്തീയ സഭയെക്കുറിച്ചു പഠിക്കുന്നതിനുള്ള ആധികാരികവും ഏകവുമായ ഉറവിടം 66 പുസ്തകങ്ങളടങ്ങിയ തിരുവെഴുത്താകുന്ന ബൈബിളാണ്. ആകയാൽ ബൈബിൾ മാത്രം ആധാരമാക്കി സഭയെക്കുറിച്ചും അതിന്റെ ശുശ്രൂഷാക്രമ(പരിപാലനം)ത്തെക്കുറിച്ചും ലളിതമായും ചുരുക്കമായും വിശദീകരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

## സഭ എന്ത്?

ഒരു പ്രത്യേക ഉദ്ദേശ്യത്തോടെ കൂടിവരുന്ന ഏതു കൂട്ടത്തെയും സഭ എന്നു പറയാം. ഇന്നു ലോകത്തിൽ പല രീതികളിലുള്ള സഭകൾ നാം കാണുന്നു. പുരാതന ലോകത്തും ആളുകൾ കൂടിവരുന്നതിനെ സഭ എന്നു പറഞ്ഞു വന്നിരുന്നു.

ഗ്രീക്കു ഭാഷയിൽ എക്ലീസിയ എന്ന വാക്കാണ് സഭയ്ക്ക് ഉപയോഗിച്ചിരിക്കുന്നത്. എക് എന്നും കലയോ എന്നുമുള്ള ര് വാക്കുകളുടെ സംയോജിത രൂപമാണിത്. ഒരു പ്രത്യേക ഉദ്ദേശ്യത്തിനായി വേർതിരിച്ചു വിളിക്കപ്പെട്ടവരുടെ കൂട്ടം എന്നാണ് ഈ വാക്ക് അർത്ഥമാക്കുന്നത്. ക്രിസ്തുവിന്നായി വേർതിരിച്ചു വിളിക്കപ്പെട്ടവരുടെ കൂട്ടമാണ് ക്രിസ്തീയ സഭ.

ക്രിസ്തീയ സഭയുടെ രൂപീകരണത്തെക്കുറിച്ചുള്ള പ്രവചനം മത്തായി 16:18ൽ നാം കാണുന്നു. പെന്തക്കോസ്തു നാളിലാണ് ഈ പ്രവചനം നിറവേറിയത്. ആകയാൽ ക്രീസ്തീയ സഭ സംബന്ധിച്ച വിഷയങ്ങൾ എല്ലാം പുതിയ നിയമത്തിലാണ് നാം കാണുന്നത്. പഴയ നിയമത്തിൽ ക്രിസ്തീയ സഭയെക്കുറിച്ചുള്ള പ്രവചനങ്ങൾ, നിഴലുകൾ എന്നിവയില്ല. പഴയ നിയമത്തിലെ ഇസ്രായേലിന്റെ പിന്തുടർച്ചയല്ല സഭ. സഭ തികച്ചും പുതുനിയമത്താൽ സ്ഥാപിതമായ ഒന്നാണ്. രു നിലകളിൽ ഈ സഭയെ നമുക്ക് ദർശിക്കാവുന്നതാണ്.

1. **സാർവ്വത്രിക സഭ (Universal Church) :** പെന്തക്കോസ്തു നാൾ മുതൽ ക്രിസ്തുവിന്റെ പുനരാഗമനം വരെ യേശുക്രിസ്തുവിന്റെ പാപപരിഹാര ബലിയിലും മരണ അടക്ക പുനരുത്ഥാനത്തിലും വിശ്വസിച്ച്, കൃപയാലുള്ള രക്ഷ പ്രാപിച്ചവർ എല്ലാവരും ഉൾപ്പെടുന്ന സഭ. ഇതാണ് ക്രിസ്തുവിന്റെ ശരീരമാകുന്ന സഭ.

2. **പ്രാദേശിക സഭകൾ (Local Churches) :** യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷ പ്രാപിച്ചവർ കൂട്ടായ്മയ്ക്കും വചന പഠനത്തിനും അപ്പം നുറുക്കുവാനുമായി ഓരോരോ പ്രദേശങ്ങളിൽ കൂടിവരുന്നു. പ്രാദേശിക സഭകൾ സാർവ്വത്രിക സഭയുടെ പ്രതിരൂപവും ഘടകവുമാണ്. അതുപോലെ പ്രാദേശിക സഭകളുടെ ആകെത്തുകയാണ് സാർവ്വത്രിക സഭ എന്നു മനസ്സിലാക്കാം.

യേശുക്രിസ്തുവിന്റെ മരണ അടക്ക പുനരുത്ഥാനം എന്ന അടിസ്ഥാനത്തിന്മേൽ (എഫെ. 2:20; മത്താ. 16:18) പരിശുദ്ധാത്മാവാണ് സഭയെ പണിയുന്നത്. പരിശുദ്ധാത്മ സ്നാനത്താൽ (1 കൊരി 12:13) വിശ്വസിക്കുന്ന സമയത്തുതന്നെ ഓരോ വിശ്വാസിയും (അ.പ്ര. 2:47) ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയോടു ചേർക്കപ്പെടുന്നു. ആ നിലയിൽ സഭയോടു (സാർവ്വത്രിക) ചേർക്കപ്പെട്ടവർ ആത്മീക കൂട്ടായ്മയ്ക്കും വചന പഠനത്തിനുമായി ഒരുമിച്ചു കൂടിവരുമ്പോൾ പ്രാദേശിക സഭകൾ രൂപം കൊള്ളുന്നു.

യേശുകർത്താവ് തന്റെ അന്ത്യനിയോഗ വേളയിൽ ശിഷ്യന്മാർക്കു നൽകുന്ന ദൗത്യം – വിശ്വസിക്കുന്നവരെ ശിഷ്യരാക്കുക എന്നതായിരുന്നു (മത്താ. 28:19). പരിശുദ്ധാത്മാവ് അക്കാര്യത്തിൽ അവർക്കു സഹായകനായുാകുമെന്ന വാഗ്ദത്തവും കർത്താവ് അവർക്കു നൽകി (യോഹ. 16:13; 14:26). ആകയാൽ സഭാ സ്ഥാപനവും പരിപാലനവും പരിശുദ്ധാത്മാവാം ദൈവത്തിന്റെ പ്രവൃത്തിയാണ്. ഈ യാഥാർത്ഥ്യം ഉൾക്കൊുകൊ് സഭ എന്ന വിഷയം നമുക്കു പഠിക്കാം.

## അദ്ധ്യായം-1
# സഭയുടെ അനുഷ്ഠാനങ്ങൾ

ഇന്നു ക്രിസ്തീയ നാമമുള്ള സഭാവിഭാഗങ്ങളിൽ ബഹുവിധ ആചാരാനുഷ്ഠാനങ്ങൾ ഉ്. എന്നാൽ വേദപുസ്തക പ്രകാരം ക്രിസ്തീയ സഭയ്ക്കു ര് അനുഷ്ഠാനങ്ങളാണ് ഉള്ളത് - സ്നാനവും കർത്തൃമേശയും.

**I. സ്നാനം :** വിശ്വസിച്ചവർ സ്നാനം ഏൽക്കണം എന്നാണ് വേദപ്രമാണം (മർക്കോ. 16:15; മത്തായി 28:18). ഈ ക്രമമാണ് ആദിമ സഭാ കാലയളവിൽ നാം കാണുന്നത്. മാമോദീസയോ (ശിശുസ്നാനം) മുതിർന്നവരുടെ സ്നാനമോ അല്ല വചനത്തിൽ കാണുന്നത് - വിശ്വാസ സ്നാനമാണ്.

### A. സ്നാനം നൽകുന്ന സന്ദേശം

1. പിശാചിന്റെ മകനായിരുന്ന ഒരുവൻ (യോഹ. 8:44) ക്രിസ്തുവിനോടു വിശ്വാസത്താൽ ചേർക്കപ്പെട്ടിരിക്കുന്നു എന്നതിന്റെ പരസ്യ പ്രഖ്യാപനമാണ് സ്നാനം (റോമ. 6:3; ഗലാ. 3:27).
2. ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളിയായിത്തീർന്നു എന്നു പ്രഖ്യാപിക്കുന്ന അനുഷ്ഠാനം (റോമ. 6:3).
3. ക്രിസ്തുവിന്റെ മരണ അടക്ക പുനരുത്ഥാനത്തോടുള്ള ഏകീകരണത്തെ കുറിക്കുന്ന അനുഷ്ഠാനം (റോമ. 6:4).
4. പാപപൂരിത ജീവിതത്തിൽ നിന്നും വേർപെട്ടു പുതിയൊരു ജീവിത ബന്ധത്തിലേക്കു പ്രവേശിച്ചിരിക്കുന്നു എന്നു പരസ്യമായി പ്രഖ്യാപിക്കുന്ന അനുഷ്ഠാനം (1 കൊരി. 10:2; റോമ. 6:5).
5. പാപസംബന്ധമായി ഒരുവൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടുവെന്നു പരസ്യമായി പ്രഖ്യാപിക്കുന്ന അനുഷ്ഠാനം (റോമ. 6:6).
6. ക്രിസ്തുവിന്റെ ശിഷ്യത്വം സ്വീകരിച്ചു എന്നു ലോകത്തോടു പ്രസ്താവിക്കുന്ന അനുഷ്ഠാനം (മത്തായി 28:19, 20).
7. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയോടു ചേർന്നുവെന്നു പ്രഖ്യാപിക്കുന്ന അനുഷ്ഠാനം (എഫെ. 5:26).
8. ത്രീയേക ദൈവത്തിലുള്ള വിശ്വാസത്തിന്റെ പ്രഖ്യാപനം (മത്തായി 28:19).

### B. സ്നാനം എന്തുകൊ് ആവശ്യമായിരിക്കുന്നു

1. വിശ്വസിച്ചവർ സ്നാനം ഏൽക്കണം എന്നത് കർത്താവിന്റെ കല്പനയാണ് (മത്തായി 28:19, 20).
2. സ്നാനപ്പെടേതിന്നു കർത്താവ് മാതൃക കാണിച്ചു (മത്തായി 3:13-17; 1 പത്രോസ് 2:21).
3. വിശ്വസിച്ചവരെ സ്നാനപ്പെടുത്തിക്കൊ് അപ്പോസ്തോലന്മാർ സ്നാനം ആവശ്യമെന്നു തെളിയിച്ചു. (അ.പ്ര. 8:36-40; 2:37-40).
4. ആദിമ വിശ്വാസികൾ സ്നാനം ഏറ്റു മാതൃക കാണിച്ചു (അ.പ്ര. 2:37-42).
5. സ്നാനം ക്രിസ്തീയ ജീവിതത്തിന്റെ ഒരു അടിസ്ഥാനം ആകുന്നു (എബ്രാ. 6:2).

### C. സ്നാനം ഏൽക്കേത് എപ്പോൾ?

1. ക്രിസ്തുവിൽ വിശ്വസിച്ചു പാപമോചനം പ്രാപിച്ചു കഴിഞ്ഞാൽ (രക്ഷിക്കപ്പെട്ടാൽ) മർക്കോസ് 16:16.
2. പൂർണ്ണഹൃദയത്തോടെ വിശ്വസിച്ചു കഴിയുമ്പോൾ (അ.പ്ര. 8:37; 16:33).
3. വചനം അനുസരിക്കാൻ സമർപ്പിക്കപ്പെട്ടു കഴിയുമ്പോൾ (എഫെ. 5:26).

### D. സ്നാനം എന്തിനുവേി അല്ല?

1. **പാപ പരിഹാരത്തിനു വേിയല്ല** : പാപ പരിഹാരം നേടിയവർക്കുള്ള അനുഷ്ഠാനമാണ് സ്നാനം (മത്തായി 28:19; മർക്കോസ് 16:16; അ.പ്ര. 3:38).

2. **സ്നാനം രക്ഷപ്രാപിക്കാനല്ല** : യേശുക്രിസ്തുവിന്റെ മരണ അടക്ക പുനരുത്ഥാനത്തിലുള്ള വിശ്വാസവും തന്റെ കർത്തൃത്വത്തിനു മുമ്പാകെയുള്ള സമ്പൂർണ്ണ സമർപ്പണവുമാണ് രക്ഷയ്ക്കു ആധാരം. (റോമ. 3:24, 25; യോഹ. 3:16).

സ്നാനത്താലാണ് രക്ഷ എങ്കിൽ അതു കൃപയാലും വിശ്വാസത്താലുമുള്ളതല്ല. പ്രവൃത്തിയാലാണ് (എഫെ. 2:8)

3. **സ്നാനം പരിശുദ്ധാത്മാവിനെ പ്രാപിക്കാനല്ല** : ഒരു പാപി രക്ഷിക്കപ്പെടുന്നതു തന്നെ (യേശുവിനെ കർത്താവായി സ്വീകരിക്കുന്നത്) പരിശുദ്ധാത്മാവിനാലാണ് (1 കൊരി. 12:3). വിശ്വസിക്കുന്ന വ്യക്തിക്കു ആദ്യം ലഭിക്കുന്ന സ്വർഗ്ഗീയ ദാനമാണ് പരിശുദ്ധാത്മാവ് (റോമ. 8:23).

4. **സ്നാനം ജഡികശുദ്ധി വരുത്തുന്നതിനല്ല** (1 പത്രോ. 3:21). ആന്തരിക ശുദ്ധീകരണത്തിന്റെ സാക്ഷ്യപ്പെടുത്തലാണ് സ്നാനത്താൽ നടക്കുന്നത്.

## E. സ്നാനം എപ്രകാരം

1. ബാപ്റ്റിസ്മ എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് Baptism എന്ന ഇംഗ്ലീഷ് വാക്കുായത്. ബാപ്റ്റിസോ (സ്നാനപ്പെടുക) എന്നതിനു മുങ്ങുക, മുഴു കുക, പൂർണ്ണമായും മറയപ്പെടുക എന്നൊക്കെ അർത്ഥം. ആകയാൽ വേദപുസ്തകം അനുശാസിക്കുന്ന സ്നാനം മുഴുകൽ സ്നാനം ആണ്.
2. ആദിമ കാലങ്ങളിൽ ധാരാളം വെള്ളം ഉള്ള സ്ഥലങ്ങളിൽ സ്നാനം നടന്നു (യോഹ. 2:23) എന്നത് മുഴുകൽ സ്നാനത്തെ വിവക്ഷിക്കുന്നു.
3. സ്നാനത്തിന്റെ അർത്ഥവും ഉദ്ദേശവും നിറവേറുന്നതു മുഴുകൽ സ്നാനത്തിലാണ് (റോമ. 6:3-5; കൊലോ. 2:12).
4. ആദിമ നൂറ്റാിൽ വിശ്വസിച്ചവർ മുഴുകൽ സ്നാനമാണ് സ്വീകരിച്ചത് (അ.പ്ര. 8:38).
5. സ്നാനപ്പെടുന്ന ആളും സ്നാനപ്പെടുത്തുന്ന ആളും വെള്ളത്തിൽ ഇറങ്ങിയിരുന്നു (അ.പ്ര. 3:38) എന്നത് മുഴുകൽ സ്നാനത്തെയാണ് കുറിക്കുന്നത്.

6. യേശു യോഹന്നാന്റെ കൈക്കീഴിൽ സ്വീകരിച്ചതും മുഴുകൽ സ്നാനമായിരുന്നു (മത്തായി. 3:16; മർക്കോ 1:10). തന്റെ ശിഷ്യഗണത്തിന് അഥവാ സഭയ്ക്കുള്ള ഒരു മാതൃകാ സ്ഥാപനം കൂടിയായിരുന്നു അത് (പത്രോ. 5:21). സ്നാനപ്പെടുവാൻ ആഗ്രഹിക്കുന്നവരും സ്നാനപ്പെട്ടവരും ഈ വസ്തുതകൾ വചനാനുസൃതമായി ഉൾക്കൊള്ളുകയും ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യേതാണ്.

## F. ആരാണ് സ്നാനപ്പെടുത്തേത്?

ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയ്ക്കു നൽകപ്പെട്ട അനുഷ്ഠാനങ്ങളായ സ്നാനത്തിനും കർത്തൃമേശയ്ക്കും പ്രത്യേക വ്യക്തികളെ ദൈവം നിയമിച്ചാക്കിയതായി വചനത്തിൽ കാണുന്നില്ല കൃപാവര ശുശ്രൂഷകളെ വേർതിരിച്ചു പറയുന്നുങ്കെിലും ഈ ശുശ്രൂഷയെക്കുറിച്ച് എടുത്തു പറയുന്നില്ല. ചുവടെ ചേർക്കുന്ന കാര്യങ്ങൾ ഈ വിഷയത്തിൽ ഒരു പ്രകാശം നൽകും.

1. ആദ്യകാലങ്ങളിൽ വിശ്വസിച്ചവർ തങ്ങൾ മുഖാന്തരം വിശ്വസിച്ചവരെ സ്നാനപ്പെടുത്തി (അ.പ്ര. 8:5-13; 36-39).
2. അപ്പോസ്തോലന്മാർ സ്നാനം കഴിപ്പിച്ചിരുന്നുവെങ്കിലും അപ്പോസ്തോലത്വത്തിന്റെ മുദ്രയായി സ്നാനശുശ്രൂഷയെ കിരുന്നില്ല (1 കൊരി 1:17).
3. ഉപദേഷ്ടാക്കന്മാർക്കു സ്നാനപ്പെടുത്താം (1 പത്രോ. 4:10, 11 റോമ. 12:4-7).
4. സുവിശേഷകന്മാർക്കു സ്നാനപ്പെടുത്താം (മത്താ. 28:19, 20 അ.പ്ര. 8:35).
5. പുതിയ ശിഷ്യൻ അരുത് (1 തിമോ. 3:6, 7)

ആത്മനടത്തിപ്പും സാക്ഷ്യജീവിതവും വിശ്വാസം നിർമ്മല മനസാക്ഷിയിൽ കാത്തുസൂക്ഷിക്കുന്നതുമായ വിശ്വാസിക്ക് / ശുശ്രൂഷകർക്ക് സ്നാനശുശ്രൂഷ ചെയ്യാവുന്നതാണ്. സ്നാനം നടത്താൻ പ്രത്യേക വരങ്ങൾ ഉള്ളതായോ വ്യക്തികളെ നിയോഗിച്ചതായോ വചനത്തിൽ വെളിപ്പെടുത്തിയിട്ടില്ല.

# II. കർത്തൃമേശ / തിരുവത്താഴം

പെന്തക്കോസ്തു നാളിൽ മാനസാന്തരപ്പെട്ടു കർത്താവിൽ വിശ്വസിച്ചവർ സ്നാനം ഏൽക്കുകയും അപ്പോസ്തോലന്മാരോടു ചേരുകയും ചെയ്തു. അപ്പോസ്തോലന്മാരുടെ ഉപദേശം കേൾക്കുകയും കൂട്ടായ്മ ആചരിക്കുകയും ചെയ്ത ആദിമ വിശ്വാസികൾ അപ്പം നുറുക്കുകയും പ്രാർത്ഥിക്കയും ചെയ്തുപോന്നു (അ. പ്ര. 2:42). ഈ നിലയിലാണ് സഭയുടെ ആരംഭം നാം കാണുന്നത്. കാലാകാലങ്ങളായി വിശ്വസിക്കുന്നവർ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം ഏൽക്കയും അപ്പോസ്തോലിക ഉപദേശം പഠിച്ചും കൂട്ടായ്മ ആചരിച്ചും കൂടിവരുന്ന അനുഗ്രഹീത അവസ്ഥയാണ് നാം തിരുവെഴുത്തിൽ കാണുന്നത്.

## A. ആരാണ് കർത്തൃമേശ ആചരിക്കേത്

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷാനിർണ്ണയം പ്രാപിച്ചവരും സ്നാനം ഏറ്റവരുമാണ് അപ്പം നുറുക്കേത്. വേദപുസ്തക ക്രമപ്രകാരം രക്ഷിക്കപ്പെടലും സ്നാനം ഏൽക്കലും വിശ്വാസജീവിതത്തിന്റെ ആദ്യപടികളാണ്. ആകയാൽ വിശ്വാസസ്നാനം സ്വീകരിച്ചവർക്കുള്ള അനുഷ്ഠാനമാണ് കർത്തൃമേശാചരണം എന്നു വേദപുസ്തക മാതൃകപ്രകാരം നമുക്കു മനസ്സിലാക്കാം (അ.പ്ര. 2:38-41). അവിശ്വാസിക്കു കർത്തൃമേശയിൽ പങ്കില്ല (യോഹ. 13:30).

## B. കർത്തൃമേശയും കൂട്ടായ്മയും

വിശ്വാസസ്നാനം സ്വീകരിച്ച വ്യക്തി ജീവന്റെ പുതുക്കത്തിൽ നടക്കുകയും ഉപദേശം പഠിക്കുകയും കൂട്ടായ്മ ആചരിക്കുകയും വേണം. ഈ കൂട്ടായ്മയുടെ മഹത്വമാണ് കർത്തൃമേശാചരണത്തിൽ വെളിപ്പെടുന്നത്

(1 കൊരി. 1:9; 1 യോഹ. 1:1-3). യേശുക്രിസ്തു മുഖാന്തരം പിതാവിനോടും പരിശുദ്ധാത്മാവിനോടും നമുക്കുള്ള കൂട്ടായ്മ. അപ്പോസ്തോല പിതാക്കന്മാരോടും വിശ്വാസികൾ പരസ്പരവുമുള്ള കൂട്ടായ്മ നാം കർത്തൃമേശാചരണത്തിലൂടെ പ്രസ്താവിക്കുന്നു.

അപ്പം നുറുക്കാനായി കൂടി വരുമ്പോൾ 3 തലങ്ങളിലുള്ള കൂട്ടായ്മ (ഐക്യത) പ്രത്യേകം ശ്രദ്ധിക്കേതു്.

1. വിശ്വാസപരമായ കൂട്ടായ്മ
2. ഉപദേശപരമായ കൂട്ടായ്മ
3. കൃപയുടെ കൂട്ടായ്മ

സത്യവേദ വിശ്വാസികളായ നാം വിശ്വസിക്കുന്നതും ഉപദേശിക്കുന്നതുമായ വിഷയങ്ങൾ വിശ്വസിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നവരുമായി വേണം നാം കൂട്ടായ്മ ആചരിക്കാൻ. കർത്തൃമേശ ക്രിസ്തുവിന്റെ മരണ അടക്ക പുനരുത്ഥാനത്തിന്റെ ഓർമ്മയുടെ ശുശ്രൂഷയാണെങ്കിലും, അടിസ്ഥാന ഉപദേശ ഭിന്നതയുള്ളവരുമായി ചേർന്ന് അപ്പം നുറുക്കുന്നതു യോഗ്യമല്ലല്ലോ. അപ്പോസ്തോലന്മാരുടെ ഉപദേശം സ്വീകരിച്ചവർ മാത്രമാണ് അപ്പോസ്തോലന്മാരോടു കൂടെ അപ്പം നുറുക്കിയത്, എന്നതു പ്രത്യേകം ശ്രദ്ധിക്കേതാണ്.

കർത്താവ് സ്ഥാപിച്ചതും (മത്താ. 26:26, 28) ഏൽപ്പിച്ചതുമായ ഓർമ്മയുടെ ശുശ്രൂഷയാണ് കർത്തൃമേശ അഥവാ തിരുവത്താഴം (1 കൊരി. 11:23). ആകയാൽ മാനുഷിക ആശയങ്ങളിലുപരി വചനാനുസൃതവും പരിശുദ്ധാത്മ നടത്തിപ്പിനാലും ഈ ശുശ്രൂഷ ചെയ്തില്ല എങ്കിൽ ശിക്ഷാവിധി തിന്നുകയും കുടിക്കുകയും ചെയ്യേിവരും.

## C. കർത്തൃമേശ നൽകുന്ന സന്ദേശങ്ങൾ

**1. കർത്താവ് വരുവോളം ചെയ്യേ ഓർമ്മയുടെ അനുഷ്ഠാനം (1 കൊരി. 11:26).**

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ കൂടിവന്നു നാം കർത്തൃമേശ ആചരിക്കുമ്പോൾ, കർത്താവ് ഇതുവരെ വന്നിട്ടില്ല എന്നു പ്രസ്താവിക്കുന്നു. കർത്താവ് എത്രയും വേഗം വരും എന്ന പ്രത്യാശയെയും അതു പ്രസ്താവിക്കുന്നു - നമ്മെ ഓർമ്മപ്പെടുത്തുന്നു.

**2.യേശുക്രിസ്തുവിന്റെ മരണത്തെ പ്രസ്താവിക്കുന്ന അനുഷ്ഠാനം (1 കൊരി. 11:26).**

രു പാത്രങ്ങളിലായി ഇരിക്കുന്ന അപ്പവും വീഞ്ഞും കർത്താവിന്റെ മരണത്തെ സാക്ഷിക്കുന്നു. പാപത്തോടുള്ള ദൈവനീതിയുടെ പ്രതികരണവും പാപിയോടുള്ള ദൈവസ്നേഹത്തിന്റെ കരുതലും അതിലടങ്ങിയിരിക്കുന്നു.

**3. ദൈവത്തോടും സഹവിശ്വാസികളോടും നമുക്കുള്ള കൂട്ടായ്മയുടെ പ്രസ്താവനയും കർത്തൃമേശയിങ്കലു്** (1 കൊരി. 10:16). രക്തത്തിന്റെ കൂട്ടായ്മ, ശരീരത്തിന്റെ കൂട്ടായ്മ, ദൈവസ്നേഹത്തിന്റെ കൂട്ടായ്മ.

## D. കർത്തൃമേശ ആചരിക്കേത് എപ്രകാരം

1. അപ്പ വീഞ്ഞുകൾ കൂട്ടായ്മയുടെ പ്രസ്താവന ആയതുകൊ് ഒരു അപ്പത്തിൽ നിന്നും ഒരു പാനപാത്രത്തിൽ നിന്നും പങ്കാളികളാകണം (1 കൊരി. 10:16).
2. മരണത്തിന്റെ ഓർമ്മയും പ്രസ്താവനയും ആയതുകൊ് അപ്പവീഞ്ഞുകൾ ഒരുമിച്ചു കഴിക്കാൻ പാടില്ല. അപ്പം വീഞ്ഞിൽ മുക്കി കഴിച്ചാൽ അതു ക്രിസ്തുവിന്റെ മരണത്തെ പ്രസ്താവിക്കൽ അല്ല. രക്തം ശരീരത്തിൽ നിന്നും വേർപെട്ടുായ മരണത്തെ അതു പ്രതിനിധീകരിക്കുന്നില്ലല്ലോ.
3. ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടി വന്നു ചേയ്യേ ഒരു ശുശ്രൂഷയാണിത് (അ.പ്ര. 20:7).

## E. ആര് അപ്പം നുറുക്കണം

അപ്പം ആര് നുറുക്കണം? മൂപ്പന്മാരോ, സുവിശേഷകന്മാരോ? വിശ്വാസികൾക്കു ചെയ്യാമോ? ഒരാൾ തന്നെ അതു സ്ഥിരം ചെയ്യുന്നതു ശരിയോ? തുടങ്ങി നിരവധി ചോദ്യങ്ങൾ ഈ വിഷയത്തിൽ ഉന്നയിക്കപ്പെടുന്നു്. ചുവടെ ചേർക്കുന്ന കാര്യങ്ങൾ ഈ വിഷയങ്ങളിൽ ഒരു സഹായമാകും.

അപ്പം നുറുക്കൽ ഒരു സ്ഥാനീയ ശുശ്രൂഷ അല്ല. അതുകൊ് ഏതെങ്കിലും വ്യക്തി പ്രത്യേകമായി ചെയ്യേ ഒരു ശുശ്രൂഷയായി കർത്തൃമേശയെ വചനം വെളിപ്പെടുത്തുന്നില്ല. വിശ്വാസികൾ ഒരുമിച്ചു ചെയ്യുന്ന ഒരു ശുശ്രൂഷയായിട്ടാണ് കർത്തൃമേശയെ വചനം വെളിപ്പെടുത്തുന്നത് (1 കൊരി. 10:16, 17)

കർത്താവ് അപ്പം നുറുക്കി നൽകിക്കൊ് ശിഷ്യന്മാരോടു വാങ്ങി ഭക്ഷിപ്പിൻ (മത്തായി 26:26-28), വാങ്ങി പങ്കിട്ടുകൊൾവിൻ (ലൂക്കോ. 22:17-21) എന്നാണ് പറഞ്ഞത്. കർത്താവ് നുറുക്കിയ അപ്പം പങ്കിടുന്ന പ്രവൃത്തിയാണ് നാം ചെയ്യുന്നത്.

കർത്താവ് തന്നെത്താൻ മരണത്തിന് ഏൽപ്പിക്കുന്നുവെന്ന സത്യമാണ് താൻ തന്നെ അപ്പം നുറുക്കിയതിലൂടെ വെളിപ്പെടുത്തുന്നത്. ആ മരണത്തിന്റെ ഓർമ്മ നാം ആചരിക്കുമ്പോൾ അപ്പം നുറുക്കി തന്നെ കഴിക്കണം.

കർത്തൃമേശാചരണത്തിൽ ശുശ്രൂഷകൻ അപ്പം നുറുക്കി വിശ്വാസികൾക്കു പങ്കിടണം. അപ്പം നുറുക്കുന്ന വ്യക്തി ഹൃദയത്തിൽ കരുതേ വസ്തുത കർത്താവ് നുറുക്കി നൽകിയ അപ്പം കർത്താവിന്റെ ഓർമ്മയ്ക്കായി പങ്കിടുന്നു എന്നതായിരിക്കണം.

ദൈവാത്മാവ് സഭാ പരിപാലനത്തിനായി ശുശ്രൂഷകരായി ആക്കിവെച്ച സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ, ഡീക്കന്മാർ എന്നിവർ കർത്തൃമേശയിൽ ശുശ്രൂഷ ചെയ്യുന്നതു യുക്തമാണ്. എന്നാൽ കർത്തൃമേശയിലെ ശുശ്രൂഷ ഒരു വ്യക്തിയെ മൂപ്പനോ ഉപദേഷ്ടാവോ ആക്കുന്നില്ല; മൂപ്പൻ സ്ഥാനത്തിന്റെ അടയാളമായി കർത്തൃമേശയിലെ ശുശ്രൂഷയെ വചനം വെളിപ്പെടുത്താത്തതുകൊ് നമ്മൾ ആ നിലയിൽ കാണരുത്. ആത്മീക പക്വതയും പരിജ്ഞാനവും സാക്ഷ്യവും ആത്മനിറവുമുള്ള ഏതു വ്യക്തിക്കും ഈ ശുശ്രൂഷ ചെയ്യാവുന്നതാണ്. എന്നാൽ പുതിയ ശിഷ്യൻ അരുത് (1 തിമൊ. 3:6).

മൂപ്പനോ, സുവിശേഷകനോ, ഉപദേഷ്ടാവോ വേത്ര രമ്യത വിശ്വാസികളുമായി പുലർത്താത്ത അവസരങ്ങളിലും (ഭിന്നത ഉള്ളപ്പോൾ, ഭിന്നതയ്ക്കു കാരണക്കാരനെങ്കിൽ) വേത്ര കൃപ ഇല്ലാത്തപ്പോഴും കർത്തൃമേശയിൽ ശുശ്രൂഷിക്കാതിരിക്കുന്നതു സഭയിൽ ദൈവനാമം മഹത്വപ്പെടാൻ ഇടയാകും. അയോഗ്യമായി ചെയ്താൽ ശിക്ഷാവിധി അനുഭവിക്കേിവരും എന്നത് ഭയത്തോടെ നമുക്ക് ഓർക്കാം.

## F. കർത്തൃമേശ വിലക്കാൻ സഭയ്ക്കു സ്വാതന്ത്ര്യമുടോ?

ഇക്കാലങ്ങളിൽ വളരെ പ്രസക്തമായ ഒരു ചോദ്യമാണിത്. മേശ വിലക്കലും മേശ ഒരുക്കാതിരിക്കൽ തുടങ്ങി കർത്തൃമേശയെ നിന്ദ്യമാക്കുന്ന പ്രവർത്തനങ്ങൾ ഇന്നു വർദ്ധിച്ചു വരുന്നു. മാസത്തിൽ ഒരിക്കൽ കർത്തൃമേശ ഒരുക്കുന്നതും, മറ്റുള്ളവർ പങ്കെടുക്കുന്നതു കു മടങ്ങി പോകുന്നതുമെല്ലാം ഈ ഗണത്തിൽപെടുന്നു.

കർത്താവിന്റെ മരണത്തെ വിശ്വാസി ഓർക്കുകയും പ്രസ്താവിക്കുകയും ചെയ്യുന്ന ശുശ്രൂഷയാണ് അപ്പം നുറുക്കൽ അഥവാ കർത്തൃമേശാചരണം (1 കൊരി. 11:26). തന്നെത്താൻ ശോധന ചെയ്യണം എന്നതാണ് പ്രമാണം (1 കൊരി. 11:28). കർത്താവിന്റെ മരണത്തെ ഓർക്കുവാനും പ്രസ്താവിക്കുവാനും യോഗ്യമായ നിലയിലാണോ കർത്തൃസന്നിധിയിൽ വന്നിരിക്കുന്നത് എന്ന് ഓരോ വിശ്വാസിയും സ്വയശോധന ചെയ്യണം.

കർത്തൃമേശ വിലക്കാനുള്ള സ്വാതന്ത്ര്യമോ അധികാരമോ കർത്താവ് സഭയ്ക്ക് (ശുശ്രൂഷകന്മാർക്ക്) നൽകിയതായിട്ട് തിരുവെഴുത്തു ഖണ്ഡിതമായി രേഖപ്പെടുത്തിയിട്ടില്ല. മേശയും സഭയും കർത്താവിന്റേതാണ്. സഭാ ശുശ്രൂഷകന്മാർ കർത്താവിന്റെ സ്ഥാനം ഏറ്റെടുക്കാൻ പാടില്ലല്ലോ. കർത്താവ് താനും ഒരു വിശ്വാസി കർത്തൃമേശയിൽ പങ്കെടുക്കുന്നതു വിലക്കിയതായി നാം വചനത്തിൽ കാണുന്നില്ല. രു വിധത്തിലുള്ള വ്യക്തികളോടു നടപടി എടുക്കുന്നെങ്കിലും കർത്തൃമേശ വിലക്കുകയായിരുന്നില്ല; പുറത്താക്കുകയായിരുന്നു (യോഹ. 13:26; 1 കൊരി. 5:13).

ദൈവവചന പ്രകാരം കർത്തൃമേശയിൽ നിന്നും മാറിനിൽക്കാൻ 3 കാരണങ്ങൾ കാണാവുന്നതാണ്.

### 1. ദുർന്നടപ്പ് (1 കൊരി. 5:1, 9–13) :

വിശ്വാസി ദുർന്നടപ്പു ചെയ്താൽ സഭയിൽ നിന്നു മാറ്റി നിർത്തണം; കർത്തൃമേശയിൽ നിന്നു മാത്രമല്ല. മറ്റുള്ളവർക്ക് ഭയം ഉാകേതിന്നു പരസ്യമായി ശാസിക്കുകയും മാനസാന്തരപ്പെടുവോളം സഭയിൽ നിന്നു മാറ്റി നിർത്തുകയും വേണം (1 തിമൊ. 5:20). എങ്കിലും ശത്രു എന്നു വിചാരിക്കാതെ യഥാസ്ഥാനപ്പെടേതിന്നു പ്രാർത്ഥിക്കണം (2 തെസ. 3:14, 15).

### 2. ഉപദേശ പിശക് – 2 യോഹ. 9, 10

ക്രിസ്തുവിന്റെ ഉപദേശത്തിൽ നിന്നും അതിർ കടന്നുപോകുന്നവനെയും, ക്രിസ്തുവിന്റെ ഉപദേശമല്ലാത്തവ കൊു വരുന്നവനെയും സഭയിൽ നിന്നും അകറ്റി നിർത്തണം. അടിസ്ഥാന ഉപദേശ വിഷയങ്ങൾ തള്ളി ക്കളയുകയോ വ്യതിചലിപ്പിക്കയോ ചെയ്യുന്ന വ്യക്തിക്കെതിരെ സഭ അച്ചടക്ക നടപടി സ്വീകരിക്കേതു് (2 തെസ. 3:14, 15).

### 3. വിശ്വാസത്യാഗം

അവിശ്വാസിക്കു കർത്തൃമേശയിൽ ഓഹരിയില്ല (യോഹ. 13:36). വിശ്വാസകപ്പൽ തകർന്ന വ്യക്തിയും (1 തിമോ. 1;19, 20) അവിശ്വാസി ആകയാൽ മേശയിങ്കൽ ഓഹരിയില്ല.

ദൈവസന്നിധിയിൽ ഇരുന്നു കൃപ പ്രാപിച്ചു, വചനത്തോടുള്ള വിധേയത്വത്തിലും കർത്തൃസമർപ്പണത്താലും ആത്മനടത്തിപ്പിനാലും ചെയ്യേ ഒരു കാര്യമാണിത്. വ്യക്തി വിരോധം തീർക്കാനുള്ളതല്ല കർത്തൃമേശ. അങ്ങനെ ചെയ്താൽ അതു കർത്തൃമേശയ്ക്കു പകരം ഭൂതങ്ങളുടെ മേശ ആയിരിക്കും (1 കൊരി. 10:21).

ശിക്ഷണ നടപടികൾ സഭാ ശുശ്രൂഷകന്മാർക്ക് വചനം അനുവദിക്കുന്നുവെങ്കിലും അതു പൂർണ്ണമായും വചനാനുസൃതമായിരിക്കണം. ഒരു വ്യക്തിയുടെ കുറ്റത്തിന് കുടുംബത്തെ മുഴുവനും ശിക്ഷിക്കുന്ന ഒരു പ്രവണത നമ്മുടെ മദ്ധ്യേ വർദ്ധിച്ചുവരുന്നു്. തിരുവെഴുത്തിൽ അതിനു ന്യായം കാണുന്നില്ല. ഓരോരുത്തരും താന്താന്റെ അകൃത്യം വഹിക്കണം എന്നതാണല്ലോ വേദപ്രമാണം. ഇതു സംബന്ധിച്ചു വിശദമായി സഭയും ശിക്ഷണക്രമവും എന്ന അദ്ധ്യായത്തിൽ ചിന്തിക്കാം.

## G. കർത്തൃമേശയോടുള്ള ബന്ധത്തിൽ കാണുന്ന മാനുഷിക പരാജയങ്ങൾ

കർത്തൃസ്ഥാപിതവും വ്യക്തമായ വ്യവസ്ഥ പരിശുദ്ധാത്മാവ് നൽകിയതുമായ കർത്തൃമേശാചരണത്തിൽ മാനുഷിക വശത്തുനിന്നു പല പരാജയങ്ങളും ഉാകുന്നു.

**1. കർത്താവിന്റെ അത്താഴം സ്വന്തം അത്താഴം ആക്കുന്നു** (1 കൊരി. 11:17).

വിഭാഗീയത സഭയിൽ കടന്നു വരുമ്പോൾ കർത്താവിന്റെ അത്താഴം ഓരോരുത്തരുടെയും അത്താഴം ആയി മാറുന്നു. ഒരു കൂട്ടരെ മാറ്റി നിർത്തി കൈയ്യൂക്കുള്ളവർക്കു കൈവശമാക്കി വയ്ക്കാനുള്ളതല്ല കർത്താവിന്റെ അത്താഴം! കർത്താവിന്റെ അത്താഴം തന്റെ അത്താഴമെന്നു ചിന്തിക്കുമ്പോഴാണ് മറ്റൊരുവനെ മേശയിൽ നിന്നു മുടക്കാൻ നമുക്കു മനസ്സു വരിക. കൊരിന്ത്യ വിശ്വാസികളുടെ മദ്ധ്യേ കർത്താവിന്റെ അത്താഴം വിഭാഗീയതയിൽ കൈകാര്യം ചെയ്ത അവസരത്തിലാണ് വാസ്തവത്തിൽ കർത്തൃമേശ സംബന്ധിച്ച ഉപദേശം അപ്പോസ്തോലനായ പൗലോസ് മുഖാന്തരം ദൈവാത്മാവ് സഭയ്ക്ക് നൽകിയത്. ഇന്നു വ്യക്തമായ ഉപദേശം ലഭിച്ചിരിക്കകൊ് കർത്തൃമേശ സസൂക്ഷ്മം - ഉപദേശപ്രകാരം ഭയത്തോടെ കൈകാര്യം ചെയ്യേതു്.

**2. ദൈവത്തിന്റെ സഭയെ തുച്ഛീകരിക്കുന്നു (1 കൊരി. 11:22)**

ദൈവകൃപയുടെയും ആത്മീക കൂട്ടായ്മയുടെയും വിളനിലമാകേ സഭയിൽ വിഭാഗീയത കടന്നു വരുമ്പോൾ സഭ തുച്ഛീകരിക്കപ്പെടുന്നു. സഭാകാന്തനായ ക്രിസ്തുവിനു ഇടമില്ലാത്തവണ്ണം സ്വയ (മാനുഷിക ജഡികത്വം) കേന്ദ്രീകൃതമായ നിലയിൽ ശുശ്രൂഷകൾ നടക്കുമ്പോൾ ദൈവപദ്ധതിയിൻ പ്രകാരമുള്ള സഭ തുച്ഛീകരിക്കപ്പെടുന്നു. ഭിന്നത വർദ്ധിച്ചു, ഏകാത്മാവിൽ കൂടി വരാൻ കഴിയാത്ത അവസ്ഥയിൽ അത്താഴം വീട്ടിൽവച്ചു കഴിക്കുന്നതാണ് ഉചിതം എന്നു ദൈവാത്മാവ് ഓർപ്പിക്കുന്നു. ആത്മനിയന്ത്രണത്തിലോ വചനാനുസൃതമോ അല്ലാത്തതും ജഡിക മനോഭാവത്തിൽ ചെയ്യുന്നതുമായ കർത്തൃമേശാചരണത്തിൽ കർത്താവിന്റെ അത്താഴം ചില വ്യക്തികളുടെ അത്താഴമായി മാറുന്നു. ആകയാൽ സഭാ കൂടിവരവ് തുച്ഛീകരണത്തിന്റെ അനുഭവമാകാതെ ക്രിസ്തുവിന്റെ മരണത്തെ ഓർക്കുന്നതും പ്രസ്താവിക്കുന്നതും ആകട്ടെ. കർത്തൃമേശ ക്രിസ്തുവിന്റെ മരണത്താൽ നമുക്കു ലഭിച്ച ആത്മീക കൂട്ടായ്മാബന്ധത്തെ സാക്ഷിക്കന്നതുമായിരിപ്പാൻ നാം പ്രത്യേകം ശ്രദ്ധിക്കണം.

## H. കർത്തൃമേശ ആക്ഷരീകമോ ആലങ്കാരികമോ?

1. എന്റെ ശരീരമെന്നു അപ്പത്തെയും എന്റെ രക്തമെന്നു പാനപാത്രത്തെയും കർത്താവ് ആലങ്കാരികമായാണ് പറയുന്നത്.
2. കർത്തൃമേശയിൽ അപ്പം യേശുവിന്റെ ശരീരമായോ പാനപാത്രം രക്തമായോ മാറുന്നില്ല. തന്റെ ശരീരത്തെയും രക്തത്തെയും ഓർമ്മിപ്പിക്കുന്ന ഓർമ്മവസ്തുക്കളാണവ. യോഹ 6:33-36ൽ കർത്താവ് പറയന്നതു രക്ഷയോടുള്ള ബന്ധത്തിലാണ്. അതു ആത്മീകമാണ്. കർത്തൃമേശാചരണത്തോടുള്ള ബന്ധത്തിൽ ഇക്കാര്യം പറയുന്നില്ല.

അപ്പ വീഞ്ഞുകൾ ഓർമ്മ വസ്തുക്കൾ ആണെങ്കിലും കേവലം അപ്പം തിന്നുന്നതും വീഞ്ഞു കുടിക്കുന്നതുമായ ലാഘവത്തോടെ അതു കാണുവാൻ പാടില്ല. താൻ ഏതു നിലയിൽ കർത്തൃ സന്നിധിയിൽ വരുന്നു എന്ന് ഓരോ വിശ്വാസിയും തന്നെത്താൻ ശോധന ചെയ്യണമെന്നു പരിശുദ്ധാത്മാവ് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## I. കർത്തൃമേശയും ആരാധനയും

ആരാധന കർത്താവിനു അർപ്പിക്കുന്ന യാഗമാണ്. പുതിയ നിയമ വിശ്വാസികളായ നമുക്കുള്ള ആരാധന അധരഫലം എന്ന സ്തോത്രയാഗമാണ് (എബ്രാ. 13:15). നമ്മെത്തന്നെ സമർപ്പിക്കുന്ന ആരാധനയെക്കുറിച്ചു റോമർ 12:2ലും നാം വായിക്കുന്നു.

കർത്തൃമേശ ആരാധനയുടെ ഭാഗമാണ്. ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ വീടെുക്കപ്പെട്ട ദൈവജനം സഭയായി കൂടിവന്നു അപ്പം നുറുക്കി കർത്താവിന്റെ മരണത്തെ ഓർക്കുകയും പ്രസ്താവിക്കുകയും ചെയ്യുന്നതു ആരാധനയുടെ സുപ്രധാന ഭാഗമാണ്. ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലുള്ള കൂടിവരവിൽ കർത്തൃമേശ ആചരിക്കുന്നതോടൊപ്പം പരിശുദ്ധാത്മ പ്രബോധനം (വചന പ്രബോധനം) പ്രാപിക്കുന്നതും കർത്തൃമേശാചരണം പോലെതന്നെ പ്രാധാന്യമുള്ള കാര്യമാണ്. സഭാ യോഗങ്ങളെ ഉപേക്ഷിക്കരുത് (എബ്രാ 10:24) എന്ന പ്രബോധനത്തിന്റെ അർത്ഥം പാതിവഴിയിൽ അവസാനിപ്പിക്കാം എന്നല്ലല്ലോ. അങ്ങനെ ചെയ്താൽ സഭായോഗം തുച്ഛീകരിക്കപ്പെടും. അതു നന്നല്ല.

സഭാകാന്തനായ കർത്താവ് സ്ഥാപിച്ചതും, പരിശുദ്ധാത്മാവ് നമ്മെ ഭരമേൽപ്പിച്ചതുമായ കർത്തൃമേശ അതിന്റെ അർത്ഥത്തിലും ഗൗരവത്തിലും പ്രായോഗികതലത്തിൽ കൈകാര്യം ചെയ്യാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

# അദ്ധ്യായം-2
# സഭാപരിപാലനം

കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്താൽ വീടെടുക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ എന്നു നാം കു. ഈ നിലയിൽ രക്ഷ പ്രാപിച്ചവരെ പരിപാലിക്കുന്നതിനും നയിക്കുന്നതിനും ആത്മീകമായി വളർത്തുന്നതിനും പരിശുദ്ധാത്മാവ് ചില ക്രമീകരണങ്ങൾ സഭയിൽ ചെയ്തിട്ടു്. ആ ക്രമീകരണങ്ങളെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ നാം ചിന്തിക്കുന്നത്.

സഭയെ ദൈവത്തിന്റെ ആട്ടിൻകൂട്ടം എന്നാണ് തിരുവചനം വെളിപ്പെടുത്തുന്നത്. പത്രോസ് അപ്പോസ്തോലനോടു കർത്താവ് 'എന്റെ കുഞ്ഞാടുകളെ മേയ്ക്ക', 'ആടുകളെ പാലിക്ക', 'ആടുകളെ മേയ്ക്ക' (യോഹ. 21:15-18) എന്നീ കാര്യങ്ങളാണ് ഭരമേൽപ്പിച്ചു പറഞ്ഞത്. ഈ ശുശ്രൂഷയോടുള്ള ബന്ധത്തിൽ നൽകപ്പെട്ട സ്ഥാനീയ നാമങ്ങളെക്കുറിച്ചു ചിന്തിച്ചതിനുശേഷം പ്രായോഗിക പരിപാലന ക്രമത്തെക്കുറിച്ചു ചിന്തിക്കാം.

A. സ്ഥാനീയ നാമങ്ങളും ശുശ്രൂഷകളും : ക്രിസ്തു സഭയോടുള്ള ബന്ധത്തിൽ കർമ്മനിരതരായിരിക്കുന്നവരുടെ വിളിയും തിരഞ്ഞെടുപ്പും പ്രകാരം വിവിധ സ്ഥാനീയ നാമങ്ങൾ തിരുവെഴുത്തിൽ ദർശിക്കാവുന്നതാണ്.

അപ്പോസ്തോലന്മാർ
പ്രവാചകന്മാർ
ദാസന്മാർ
ശിഷ്യന്മാർ
ശുശ്രൂഷകന്മാർ (ഡീക്കന്മാർ)
സ്ഥാനാപതികൾ
ഗൃഹവിചാരകന്മാർ
കാര്യസ്ഥന്മാർ
വേലക്കാർ
ഇടയന്മാർ
സുവിശേഷകന്മാർ
ഉപദേഷ്ടാക്കന്മാർ

**അപ്പസ്തോലന്മാർ :** ക്രിസ്തീയ സഭയോടുള്ള ബന്ധത്തിൽ അടിസ്ഥാന ശുശ്രൂഷാ സ്ഥാനങ്ങളാണിവ. യേശുക്രിസ്തുവിന്റെ 12 ശിഷ്യന്മാരും പൗലോസും ഈ ഗണത്തിൽപെടുന്നു. അയയ്ക്കപ്പെട്ടവൻ എന്നാണ് അപ്പോസ്തോലൻ എന്ന വാക്കിന്റെ അർത്ഥം. അപ്പോസ്തോലിക ശുശ്രൂഷ വിവിധ നിലകളിൽ സഭയിൽ ഇന്നു പ്രകടമാണെങ്കിലും സ്ഥാനീയമായി അപ്പോസ്തോലന്മാർ ഇന്നു സഭയിലില്ല.

**പ്രവാചകന്മാർ :** ദൈവത്തിൽ നിക്ഷിപ്തമായതും മനുഷ്യനു മറഞ്ഞിരിക്കുന്നതുമായ കാര്യങ്ങൾ മനുഷ്യർക്കു വെളിപ്പെടുത്താൻ ദൈവം തിരഞ്ഞെടുത്താക്കിയവരാണ് പ്രവാചകന്മാർ. സഭയുടെ ആദിമ നാളുകളിൽ ഈ സ്ഥാനീയ ശുശ്രൂഷ പ്രകടമായിരുന്നു. ഈ ശുശ്രൂഷയും സഭയുടെ അടിസ്ഥാനത്തിൽപെട്ടതാകയാൽ ഇന്നു സഭയിൽ സ്ഥാനീയമായി നിൽക്കുന്നില്ല.

**ദാസന്മാർ :** യജമാനനു വേി വേർതിരിച്ചു വിളിക്കപ്പെടുന്നവരാണ് ദാസന്മാർ (റോമ 1:2). രു നിലകളിലുള്ള ദാസത്വത്തെക്കുറിച്ചു ബൈബിൾ വെളിപ്പെടുത്തുന്നു. നിർബന്ധിത ദാസത്വവും (പുറ. 21:1-6) സ്വയം തിരഞ്ഞെടുക്കുന്ന ദാസത്വവും (ആവ. 15:12). ക്രിസ്തീയ ശുശ്രൂഷയിലും ഈ രു കൂട്ടരെയും കാണാം. നമ്മുടെ ഭാഷയിൽ പറഞ്ഞാൽ ദൈവം വിളിച്ചിറക്കിയവരും ദൈവത്തെ വിളിച്ച് ഇറങ്ങിയവരുമായ ദാസന്മാർ. ആത്മീക ദർശനമുെങ്കിൽ രു കൂട്ടർക്കും ഒരുപോലെ കർത്താവിനെ പ്രസാധിപ്പിക്കാൻ സാധിക്കും. ആദ്യത്തെ കൂട്ടർ ദാസവേലയ്ക്കുള്ള വിളി കേട്ടനുസരിക്കുന്നവരാണ്. എന്നാൽ രാമത്തെ കൂട്ടർ വിളിയെക്കുറിച്ച് ബോധ്യമില്ലെങ്കിലും കർത്താവിന്റെ ദാസനായിരിക്കുന്നതു ഉത്തമമായ കാര്യമെന്നു കർത്താവിനോടുള്ള ബന്ധത്തിൽ നിന്നും മനസ്സിലാക്കിയവരാണ്. വിളി ലഭിച്ചവരും സ്വയം സമർപ്പിച്ചവരും കർത്താവിനു തന്നെത്താൻ സമർപ്പിച്ചാൽ അനുഗ്രഹിക്കപ്പെടുമെന്നതു നിശ്ചയമാണ്.

**ശുശ്രൂഷകന്മാർ:** ക്രിസ്തീയ സഭയോടുള്ള ബന്ധത്തിൽ സഭയുടെ പരിപാലനത്തിനും നടത്തിപ്പിനുമായി പ്രത്യേക നിലയിൽ ചിലരെ തിരഞ്ഞെടുക്കുകയും സ്ഥാനീയ ചുമതലകൾ നൽകുകയും ചെയ്തിട്ടു്. ഈ നിലയിൽ വിവിധങ്ങളായ കൃപകളോടുകൂടെ പരിശുദ്ധാത്മാവ് സഭയിൽ ആക്കിവെച്ചിരിക്കുന്ന വ്യക്തികളാണ് ശുശ്രൂഷകന്മാർ. സ്ഥാനീയ നിയമനമാണെങ്കിലും പേരു സൂചിപ്പിക്കുന്നതുപോലെ ശുശ്രൂഷാ മനോഭാവം ഉള്ളവരായിരിക്കണം ശുശ്രൂഷകന്മാർ.

നാലു നിലകളിലുള്ള ശുശ്രൂഷകരെക്കുറിച്ചു വചനത്തിൽ നാം കാണുന്നു.

**1. ക്രിസ്തുവിന്റെ ശുശ്രൂഷകന്മാർ** (1 കൊരി 4:1). സ്ഥാനീയമായി മനസ്സിലാക്കുമ്പോൾ ഇതു സുവിശേഷകന്മാരെക്കുറിക്കുന്നു (റോമ. 1:2).

**2. മേശയിലെ ശുശ്രൂഷകന്മാർ** (അ.പ്ര. 6:2). സ്ഥാനീയമായി ഇതു ഡീക്കന്മാരെക്കുറിക്കുന്നു.

**3. സഭയുടെ ശുശ്രൂഷകന്മാർ** (കൊലോ. 1:25). സ്ഥാനീയമായി ഇതു ഇടയന്മാരെ/മൂപ്പന്മാരെ കുറിക്കുന്നു.

**4. വചനത്തിന്റെ ശുശ്രൂഷകന്മാർ** (ലൂക്കോ. 1:1). സ്ഥാനീയമായി ഇതു ഉപദേഷ്ടാക്കന്മാരെ കുറിക്കുന്നു.

ഈ നാലു നിലകളിലുള്ള ശുശ്രൂഷയും ശുശ്രൂഷാ സ്ഥാനങ്ങളും കർത്താവിന്റെ വരവു വരെയും സഭയോടുള്ള ബന്ധത്തിൽ സ്ഥാനീയമായി തന്നെ തുടരുന്നതായി വചനത്തിൽ നിന്നും മനസ്സിലാക്കാം. ഇതിൽ ഒന്നു മറ്റൊന്നിനേക്കാൾ ശ്രേഷ്ഠം എന്നു പറയുക സാദ്ധ്യമല്ല. ഈവിധ ശുശ്രൂഷകർ തങ്ങൾക്കു ലഭിച്ച നിയോഗത്തെയും ശുശ്രൂഷയെയും കുറിച്ചു ബോദ്ധ്യമുള്ളവരായി സഭയെ ശുശ്രൂഷിക്കേവരാണെന്നു തിരുവെഴുത്ത് ഉത്ബോധിപ്പിക്കുന്നു (എഫെ. 4:1; 1 പത്രോ 4:11).

### ശുശ്രൂഷകന്മാർ ശ്രദ്ധിക്കേ കാര്യങ്ങൾ

1. മനുഷ്യർക്കു ദാസന്മാർ ആകരുത് (1 കൊരി. 7:23). അതായതു ജഡത്തിനും മനോവികാരങ്ങൾക്കും അനുസൃതമായി സഭയിൽ ശുശ്രൂഷിക്കരുത്.
2. മനുഷ്യരെ പ്രസാദിപ്പിക്കുന്നവരാകരുത് (കൊലോ. 3:22; ഗലാ. 1:10).
3. വാക്കിലും പ്രവൃത്തിയിലും താൻ ആരെന്നു വെളിപ്പെടുത്തണം (2 കൊരി. 6:4; 8:4). ശുശ്രൂഷാ സ്ഥാനം അവകാശപ്പെടുകയല്ല; ശുശ്രൂഷകളാൽ സഭയിൽ വെളിപ്പെടുകയാണാവശ്യം. വൃക്ഷത്തെ ഫലംകൊ് തിരിച്ചറിയാം എന്നല്ലോ വേദവാക്യം.

### ശുശ്രൂഷകന്മാർക്കു ായിരിക്കേ യോഗ്യതകൾ

1. ആത്മനിറവ്
2. വചന പരിജ്ഞാനം
3. നല്ല സാക്ഷ്യം
4. വചന പ്രകാരമുള്ള വിശ്വാസം മുറുകെ പിടിക്കുന്നവർ

അ.പ്ര. 6:3-5 വരെ ഈ നാലു യോഗ്യതകൾ കാണാം. ഇടയ ലേഖനങ്ങളുടെ സംക്ഷിപ്തമായി ഈ നാലു കാര്യങ്ങളെ ചിന്തിക്കാവുന്നതാണ്.

ശുശ്രൂഷകന്മാർ തന്നെത്താൻ സഭയ്ക്കു വെളിപ്പെടുത്തുകയല്ല; ശുശ്രൂഷകളാൽ സഭയ്ക്കു വെളിപ്പെടുകയാണ് ചെയ്യുന്നത്. മുകളിൽ പറഞ്ഞ യോഗ്യതകളുള്ള വ്യക്തികളെ പരിശുദ്ധാത്മാവ് സഭയിൽ ശുശ്രൂഷകരായി നിയമിക്കുമ്പോൾ സഭയ്ക്കു ബോദ്ധ്യമാകയും അവരുടെ ശുശ്രൂഷയാൽ സഭയ്ക്കു ആത്മിക അഭിവൃദ്ധിയുാകയും ചെയ്യും (എഫെ. 2:12, 13).

**സ്ഥാനാപതികൾ:** ഫിലി 3:20 പ്രകാരം രക്ഷിക്കപ്പെട്ട ഓരോ വ്യക്തിയും സ്വർഗ്ഗീയ പൗരന്മാരാണ്. അവരെ സംബന്ധിച്ചിടത്തോളം ഭൗമജീവിതം പരദേശവാസമാണ്. പരദേശത്ത് സ്വന്തം രാജ്യത്തിന്റെ ശുശ്രൂഷകരായി നിയമിക്കപ്പെടുന്നവരാണല്ലോ സ്ഥാനാപതികൾ (Ambassadors). സഭാശുശ്രൂഷകർ ക്രിസ്തുവിന്റെ സ്ഥാനാപതികൾ ആകുന്നു (2 കൊരി. 5:20). സ്ഥാനാപതികൾ എന്ന നിലവാരത്തിനൊത്തു ജീവിക്കാൻ ശുശ്രൂഷകർ ബാദ്ധ്യസ്ഥരാണ് (2 കൊരി. 6:3, 4)

**ഗൃഹവിചാരകന്മാർ:** ദാസവേലയിൽ വിശ്വസ്തരായവരെയാണ് ഗൃഹവിചാരകരാക്കുന്നതു (മത്താ. 25:21; ലൂക്കാ. 12:42). ഗൃഹവിചാരകത്വത്തിൽ വിശ്വസ്തരായവരെ സകലത്തിനും വിചാരകരാക്കും. ലളിതഭാഷയിൽ പറഞ്ഞാൽ കുടുംബകാര്യം നോക്കുന്ന വ്യക്തിയാണ് ഗൃഹവിചാരകർ. ദൈവികഭവനമാകുന്ന സഭയുടെ കാര്യങ്ങൾ നോക്കുന്ന വ്യക്തികളെ ഗൃഹവിചാരകർ എന്നു തിരുവചനം സംബോധന ചെയ്യുന്നു. 3 നിലകളിലുള്ള ഗൃഹവിചാരകന്മാരെക്കുറിച്ചു ദൈവാത്മാവ് വെളിപ്പെടുത്തുന്നു.

**a. ദൈവമർമ്മങ്ങളുടെ ഗൃഹവിചാരകർ (1 കൊരി. 4;1)** : സുവിശേഷം ജാതികൾക്കു മർമ്മമാണ് (2 കൊരി. 4:3). ദൈവിക വിഷയങ്ങൾ സാമാന്യജനത്തിനു മർമ്മമായിരിക്കയാൽ അതു വെളിപ്പെടുത്തുന്ന ദൗത്യം പരിശുദ്ധാത്മാവ് ഭരമേൽപ്പിച്ചിരിക്കുന്നത് സഭാ ശുശ്രൂഷകന്മാരെയാണ് (1 കൊരി. 2: 6, 7, 10–16; എഫെ. 3:7, 9–11; കൊലോ. 1:26, 27) സുവിശേഷകന്മാരെയാണ് സ്ഥാനീയമായി ഈ ദൗത്യം ഭരമേൽപ്പിച്ചിരിക്കുന്നത്.

**b. ദൈവത്തിന്റെ ഗൃഹവിചാരകർ (തിത്തോ. 1:7):** അദ്ധ്യക്ഷന്മാർ അഥവാ ഇടയന്മാരാണ് ദൈവത്തിന്റെ ഗൃഹവിചാരകന്മാർ. സഭ എന്ന ദൈവഗൃഹത്തിന്റെ വിചാരകത്വം ദൈവം മൂപ്പന്മാരെ ഏൽപ്പിച്ചിരിക്കയാൽ മൂപ്പന്മാർ ജാഗ്രത പാലിക്കണമെന്നു വചനം പ്രബോധിപ്പിക്കുന്നു. സഭയുടെ ആത്മീക ഐക്യതയ്ക്കും ഉന്നമനത്തിനും വേി നില കൊള്ളേതും ആത്മീക ഭവനത്തിലെ അംഗങ്ങൾക്കു അതതു സമയത്തു ആവശ്യമായ ആത്മീക പോഷണം നൽകാൻ ശ്രദ്ധിക്കേതുമാണ്.

**c. ദൈവകൃപയുടെ ഗൃഹവിചാരകർ (1 പത്രോസ് 4:10)** : സഭയുടെ ആത്മീക വർദ്ധനയ്ക്കും പരിപാലനത്തിനുമായി വിവിധങ്ങളായ കൃപാവരങ്ങൾ പരിശുദ്ധാത്മാവ് സഭയ്ക്കു നൽകിയിട്ടു്. ഈ കൃപകളുടെ വിചാരകന്മാരായ ശുശ്രൂഷകരെ ദൈവം ആക്കിയിട്ടു്. തന്നിലെ കൃപാവരം മനസ്സിലാക്കി ജ്വലിപ്പിക്കുന്നതോടൊപ്പം തങ്ങളുടെ കൈക്കീഴുള്ള ആടുകളുടെ കൃപകൾ മനസ്സിലാക്കയും അതുപയോഗിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കി കൊടുക്കേതും ഗൃഹവിചാരകരുടെ കർത്തവ്യമാണ്. ഇക്കാലത്ത് എത്ര ശുശ്രൂഷകന്മാർ ഇക്കാര്യം മനസ്സിലാക്കി പ്രവർത്തിപഥത്തിൽ കൊുവരുന്നു എന്നത് ചിന്തിക്കേിയിരിക്കുന്നു.

**ശിഷ്യന്മാർ:** ശിഷ്യത്വം ക്രിസ്തീയ വിശ്വാസത്തിന്റെ പ്രായോഗികതയാണ്. വിശ്വസിക്കുന്നവരെ ശിഷ്യരാക്കുക എന്ന ഉൽക്കൃഷ്ട നിയോഗമാണ് കർത്താവ് അപ്പോസ്തോലന്മാർക്കു നൽകിയത് (മത്തായി 28:19). ശിഷ്യത്വത്തിൽ പൊതുവായതും നിർദ്ദിഷ്ടമായതുമായ ചിന്തകളു്. പൊതുവായ ആശയത്തിൽ എല്ലാ വിശ്വാസികളും ശിഷ്യരാണ്. നിർദ്ദിഷ്ട അർത്ഥത്തിൽ ദൈവം പ്രത്യേകം ശുശ്രൂഷയ്ക്കായി വേർതിരിച്ചു വിളിക്കപ്പെട്ടവർ ഉൾപ്പെടുന്നു.

## B. ക്രിസ്തുസഭയിലെ ഔദ്യോഗിക സ്ഥാനങ്ങൾ

പെന്തക്കോസ്തു നാളിൽ ആത്മസ്നാനത്താൽ രൂപംകൊ സഭയുടെ സുഗമമായ നടത്തിപ്പിനായി ദൈവാത്മാവ് വിവിധങ്ങളായ കൃപാവരങ്ങൾ സഭയ്ക്ക് (വിശ്വാസികൾക്ക്) നൽകുന്നു (1 കൊര. 12:11). കൃപാവരങ്ങളുടെ വിശദമായ പട്ടിക റോമർ 12, 1 കൊരി. 12, 1 പത്രോസ് 4:11 ഭാഗങ്ങളിൽ നാം കാണുന്നു. ആകയാൽ, സഭാപരിപാലനം കേന്ദ്രീകൃതമായ ഒന്നല്ലെന്നും ദൈവാത്മാവ് തന്റെ ഹിതംപോലെ അതു പങ്കുവെച്ചു നൽകുന്നു എന്നും ഈ വേദഭാഗങ്ങളിൽ നിന്നും മനസ്സിലാക്കാം.

സഭയിലെ ഔദ്യോഗിക സ്ഥാനങ്ങൾ 6 എണ്ണമു്. അപ്പോസ്തോലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ (എഫെ. 4:11), ഡീക്കന്മാർ (ശുശ്രൂഷകന്മാർ – അ. പ്ര. 6:2). ആദ്യത്തെ 5 കൂട്ടരുടെ ഉത്തരവാദിത്വം ദൈവവചന ശുശ്രൂഷയാണ്. ഡീക്കന്മാർ സഭയുടെ ഭൗതിക കാര്യങ്ങളുടെ ശുശ്രൂഷകരാണ്. ഈ രു കൂട്ടരുടെയും ശുശ്രൂഷയ്ക്കു അല്ലെങ്കിൽ സ്ഥാനം അലങ്കരിക്കുന്നതിനുള്ള യോഗ്യത തുല്യമാണ്. വിശ്വാസത്തിലും പരിശുദ്ധാത്മാവിലുമുള്ള നിറവും ജ്ഞാനവും നല്ല സാക്ഷ്യവും തന്നെ (അ.പ്ര. 6:1-7). സ്ഥാനം ഏതായാലും അന്യോന്യമുള്ള ശുശ്രൂഷയ്ക്കായാണ് ദൈവം ശുശ്രൂഷകന്മാരെ സഭയിൽ ആക്കിവെച്ചിരിക്കുന്നത് (1 പത്രോസ് 4:10). ശുശ്രൂഷാ മനോഭാവവും ആത്മനിറവുമുള്ള ശുശ്രൂഷകരെയാണ് സഭയ്ക്ക് ആവശ്യം.

അപ്പോസ്തോലന്മാരും പ്രവാചകന്മാരും എന്ന സ്ഥാനങ്ങൾ സഭയുടെ അടിസ്ഥാനങ്ങളാകയാൽ ഇന്നു സഭയിൽ ആ സ്ഥാനങ്ങൾ ഇല്ല (എഫെ. 2:20). ഇന്നു സഭയിൽ ദൈവാത്മാവ് ശുശ്രൂഷകരാക്കി വെച്ചിരിക്കുന്നതു സുവിശേഷകന്മാരെയും ഇടയന്മാരെയും ഉപദേഷ്ടാക്കന്മാരെയും ഡീക്കന്മാരെയുമാണ്. എന്നാൽ ഇന്നു സഭകളിൽ ഇടയസ്ഥാനത്തിനു (മൂപ്പൻ) മാത്രമാണ് വിശ്വാസികൾ പ്രാധാന്യം കല്പിക്കുന്നത്. ഒരു ശുശ്രൂഷ എന്നതിലുപരി ഔദ്യോഗിക സ്ഥാനമായി അതു മാറ്റപ്പെട്ടു. അതുപോലെ തന്നെ ഡീക്കന്മാരെ ഇന്നു സഭയിൽ ശുശ്രൂഷകരായി കാണുന്നില്ല എന്ന പരാജയവുമു്. അപ്പോസ്തോലൻമാരും പ്രവാചകന്മാരും അടിസ്ഥാനമായ സഭയിൽ അടുത്ത സ്ഥാനം നൽകപ്പെട്ടിരിക്കുന്നതു സുവിശേഷകന്മാർക്കാണെന്ന സത്യം സഭകളും സുവിശേഷകന്മാരും മനഃപ്പൂർവ്വമായി മറന്നുപോകുന്നു അല്ലെങ്കിൽ തള്ളിക്കളയുന്നു എന്നത് ശോചനീയമാണ്. ദൈവാത്മ നിറവില്ലാതെ മനുഷ്യ കേന്ദ്രീകൃതവും അധികാര സ്ഥാന മോഹത്താലും ഉളവാകുന്ന ആശയങ്ങൾ സഭയിൽ കൊുവരുന്നതിന്റെ പ്രത്യാഘാതങ്ങളാണിവ.

ദൈവസഭയുടെ പരിപാലനക്രമം പരിശുദ്ധാത്മ നിയമന പ്രകാരമായിരിക്കണം. അതുകൊ് ഇന്നു സഭയിലുള്ള ശുശ്രൂഷാ സ്ഥാനങ്ങളെക്കുറിച്ച് ദൈവവചന പ്രകാരം വിശകലനം ചെയ്യുവാൻ ആത്മപ്രേരണയാൽ ഞങ്ങൾ ആഗ്രഹിക്കുന്നു.

### 1. സുവിശേഷകന്മാർ

സഭാപരിപാലനം ആളത്വപരമായി പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. സകല സത്യത്തിലും വഴിനടത്തുന്ന ശുശ്രൂഷ ചെയ്യേതിനു പരിശുദ്ധാത്മാവ് ചിലരെ പ്രത്യേകം തിരഞ്ഞെടുക്കുന്നു. അപ്പോസ്തോലന്മാരും പ്രവാചകന്മാരും കഴിഞ്ഞാൽ ശുശ്രൂഷ രംഗത്ത് അടുത്ത സ്ഥാനം സുവിശേഷകനാണ്.

**ആരാണ് സുവിശേഷകൻ:** കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്താൽ വിശുദ്ധീകരണം പ്രാപിച്ചവരും വീും ജനിക്കപ്പെട്ടവരുമായി കുടുംബത്തിലും സഭയിലും സ്വദേശത്തും മാതൃകാ ജീവിതം നയിച്ച്, നല്ല സാക്ഷ്യം പുലർത്തി, ആത്മീക ശുശ്രൂഷകളിൽ തെളിഞ്ഞു ശോഭിക്കുന്നവരും സുവിശേഷം അറിയിക്കേതിനു പരിശുദ്ധാത്മാവിനാൽ നിയുക്തരുമായവരാണ് സുവിശേഷകന്മാർ (1 തിമോ. 4:12; 2 തിമ. 4:5; അ.പ്ര. 6:5).

സുവിശേഷ വേലയ്ക്കുള്ള വിളി മനസ്സിലാക്കുന്നതിനുള്ള പ്രഥമവും ആത്യന്തികവുമായ ഉപാധി പരിശുദ്ധാത്മ നിശ്വസിതമായ ദൈവവചനമാണ്.

ദൈവവചനം വായിക്കുമ്പോഴും കേൾക്കുമ്പോഴും ഇതു സംബന്ധിച്ച പ്രകാശനം ദൈവാത്മാവ് താൻ തിരഞ്ഞെടുത്ത വ്യക്തിക്കും തുടർന്നു താനുൾപ്പെട്ടു നിൽക്കുന്ന സഭയ്ക്കും വെളിപ്പെടുത്തും. ആ നിലയിൽ ഒരു പ്രേരണ ലഭിച്ചാൽ പ്രാർത്ഥനയോടെ ദൈവഹിതത്തിനായി കാത്തിരിക്കുക. സഭയിലെ ആത്മീകരായ മൂപ്പന്മാരോടു വിഷയം പറയുകയും പ്രാർത്ഥന ആവശ്യപ്പെടുകയും ചെയ്യുക. തുടർന്ന് സഭയ്ക്കു വിളി ബോദ്ധ്യപ്പെടുന്നതുവരെ സഭയ്ക്കു കീഴ്പ്പെട്ടിരിക്കുകയും ശുശ്രൂഷകളിൽ ശ്രദ്ധിക്കുകയും വേണം.

വേലയ്ക്കു വിളിയുണ്ടെന്നു പറഞ്ഞ് എടുത്തു ചാടി പുറപ്പെടുന്നതു ആത്മനിയന്ത്രണമുള്ള വ്യക്തിക്കു ഭൂഷണമല്ലല്ലോ. അതുപോലെതന്നെ സുവിശേഷകനെ സഭയ്ക്ക് ആവശ്യമില്ല എന്നു പറയുന്ന സഭകളും ദൈവത്തെ ഭയപ്പെടുകയോ ആത്മനിയന്ത്രണമുള്ളതോ അല്ല. ഇന്നു പലയിടത്തും സഭയെ അവഗണിച്ച് വേലയ്ക്കു പോകുന്നവരു ്. അതുപോലെ തന്നെ വേലയ്ക്കു വിളിയു് എന്നു പറയുന്നവരെ ഞെരുക്കുന്ന സഭകളുമു്. ഇതു രും വചന പ്രകാരം ശരിയല്ല. വേലയ്ക്കായി ഒരുവനെ പരിശുദ്ധാത്മാവ് വിളിച്ചിട്ടുങ്കിൽ സഭയിലെ ആത്മീകരായ ഇടയന്മാർക്കതു വെളിപ്പെടും. സ്വയം വിളി അവകാശപ്പെട്ടു വരുന്നവരെയും അവർക്ക് മനസ്സിലാകും : ആത്മീകനോ സകലത്തെയും വിവേചിക്കുന്നു (1 കൊരി. 2:15).

### സുവിശേഷകന്റെ പ്രവൃത്തി

1. സുവിശേഷം അറിയിക്കുക എന്നതാണ് സുവിശേഷകന്റെ പ്രധാന പ്രവൃത്തി. സുവിശേഷത്തിനുവേ കഷ്ടം സഹിക്കാനുള്ള മനസ്സൊരുക്കവും ഉായിരിക്കണം (2 തിമോ. 1:8; 4:2, 5).
2. വിശ്വസിക്കുന്നവരെ ശിഷ്യരാക്കുക (മത്തായി 28:19).
3. ശിഷ്യരെ ഉപദേശം പഠിപ്പിക്കുക (അ.പ്ര. 20:27).
4. താൻ മൂലം വിശ്വാസത്തിൽ വരുന്നവരെ പരിപാലിക്കേതും സുവിശേഷകന്റെ പ്രവൃത്തിയാണ്.
5. വിശ്വാസികൾക്കു ശുശ്രൂഷ ചെയ്യുന്നവനെന്ന നിലയിൽ താൻ ഡീക്കനായും പ്രവർത്തിക്കുന്നു.

സുവിശേഷകൻ ആത്മീക പിതാവാകയാൽ ഇടയവേലയും ഉപദേഷ്ടാവിന്റെയും ഡീക്കന്റെയും ശുശ്രൂഷകൾ ആത്മീക ശിശുക്കളോടുള്ള ബന്ധത്തിൽ ചെയ്യേണം. വേലയ്ക്കു നിയോഗിക്കുന്ന പരിശുദ്ധാത്മാവ് ഓരോ സന്ദർഭങ്ങളിലും ആവശ്യമായ കൃപകൾ തരും. ആകയാൽ സുവിശേഷ വേല ആർക്കും ചെയ്യാമെങ്കിലും സുവിശേഷകൻ ആയിരിക്കുവാൻ പരിശുദ്ധാത്മനിയോഗം ലഭിച്ചവർക്കു മാത്രമേ സാധിക്കൂ.

### സുവിശേഷകനുായിരിക്കേ യോഗ്യതകൾ

1. വിളിച്ച വിളിക്കു യോഗ്യമായി നടക്കണം (എഫെ 4:1).
2. തന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിക്കണം (1 തിമോ. 4:16; തീത്തോ. 2:8).
3. വിശ്വാസികൾക്കു മാതൃകയായി ജീവിക്കണം (1 തിമൊ 4:12).
4. വിശ്വാസവും നല്ല മനസാക്ഷിയുമുള്ളവനായിരിക്കണം (1 തിമ 1:18).
5. പിതൃഹൃദയമുള്ളവനായിരിക്കണം (1 തെസ. 2:7, 8).
6. മാതൃഹൃദയമുള്ളവനായിരിക്കണം (1 തെസ. 4:2).
7. പത്ഥ്യോപദേശം പഠിപ്പിക്കുന്നവനായിരിക്കണം തീത്തോ. 2:1.
8. സൽപ്രവൃത്തികൾക്കു മാതൃക ആയിരിക്കണം തീത്തോ. 2:7.

കൂടാതെ, ഇടയന്മാർക്ക് പരിശുദ്ധാത്മാവ് നൽകിയ യോഗ്യതകളും സുവിശേഷകനിലുായിരിക്കണം.

സുവിശേഷകൻ ഒരിക്കലും സ്ഥലം സഭയുടെ ആത്മീക വർദ്ധനയ്ക്കുതകാത്ത നിലയിൽ പ്രവർത്തിക്കരുത്. സ്ഥലം സഭ പരിശുദ്ധാത്മ നിയന്ത്രണത്തിൽ പോകുന്നതിന് ആവശ്യമായ പോഷകാഹാരവും (ഉപദേശം) മാതൃകാജീവിതവും സുവിശേഷകനിൽ നിന്നും സഭയ്ക്കു ലഭിക്കണം.

ഇന്നത്തെ ബ്രദറൺ വിശ്വാസികളിൽ ചിലരുടെയെങ്കിലും ചിന്താഗതി സുവിശേഷകൻ സഭയ്ക്ക് പുറത്തുള്ളവനാണെന്നാണ്. ചില സുവിശേഷകന്മാർ അങ്ങനെ ചിന്തിച്ചു, സഭയെ ഉപേക്ഷിച്ചു സംഘടനാ പ്രവർത്തനങ്ങളിൽ സജീവമാകുന്നതാണ് ഇന്നത്തെ വേർപാടു സഭകളുടെ പരാജയത്തിനു കാരണങ്ങളിലൊന്ന്. സ്ഥലം സഭകളിലെ ആത്മീകരായ മൂപ്പന്മാർക്കു സുവിശേഷകന്റെയും അതുപോലെ ഉപദേശ പഠനത്തിന്റെ പ്രാധാന്യവും അറിയാമെങ്കിലും അനാത്മീകരെ ഭയന്നു സുവിശേഷകനെ സംബന്ധിച്ച വിഷയങ്ങളിൽ എതിരിട്ടു നിൽക്കയോ നിശബ്ദത പാലിക്കയോ ചെയ്യുന്നു.

കർത്താവിനെ വിളിച്ചിറങ്ങിയ വേലക്കാർ പല സ്ഥലം സഭകൾക്കും ഒരു ഭാരമായിത്തീരുന്നു് എന്നതും യാഥാർത്ഥ്യമാണ്. സഭ കർത്താവിന്റേതാകയാലും പരിശുദ്ധാത്മാവിന്റെ സംരക്ഷണത്തിലാകയാലും സുവിശേഷകൻ പരിശുദ്ധാത്മാവിനാൽ നിയുക്തനാകുന്നവനാകയാലും സൂക്ഷ്മത്തോടെ വിഷയങ്ങൾ കൈകാര്യം ചെയ്യേതാണ്.

### 2. ഇടയന്മാർ അഥവാ മൂപ്പന്മാർ

വിശ്വാസികൾ പ്രായഭേദമെന്യേ ആഗ്രഹിക്കുന്ന ഒരു സ്ഥാനമാണ് മൂപ്പൻ സ്ഥാനം. അതു ലഭിക്കുന്നതിനു എന്തും ചെയ്യാൻ മടിക്കാത്തവരുമുണ്ട്. മൂപ്പൻ അഥവാ ഇടയൻ എന്നത് ഒരു സ്ഥാനമാണെന്ന തെറ്റിദ്ധാരണയാണ് ഈവിധ ചിന്താഗതികൾക്കു പിന്നിൽ. ആകയാൽ മൂപ്പൻ എന്ന വിഷയത്തിൽ വചനം എന്തു പറയുന്നു എന്നു ശ്രദ്ധിക്കാം.

#### മൂപ്പന്മാരുടെ തിരഞ്ഞെടുപ്പ്

സഭാ പരിപാലനത്തോടുള്ള ബന്ധത്തിൽ ഇന്നു നിലവിലുള്ള ചിന്താഗതികളെ പരാമർശിച്ചശേഷം തിരഞ്ഞെടുപ്പ് എന്ന വിഷയം വിശദീകരിക്കാം.

*1. സഭയാണ് ഇടയന്മാരെ തിരഞ്ഞെടുക്കുന്നത്.* കുറേ ആടുകൾ ചേർന്നു ഇടയനെ തിരഞ്ഞെടുക്കും വിധം ഭോഷത്വപരമായ ചിന്താഗതിയാണിത്. ശ്രേഷ്ഠ ഇടയനായ കർത്താവാണ് സഭയിൽ ഇടയന്മാരെ ആക്കി വയ്ക്കുന്നത്. ആടുകൾക്ക് ഇടയനെ തിരഞ്ഞെടുക്കാൻ അധികാരമില്ലെങ്കിലും തിരിച്ചറിയാനുള്ള കഴിവുണ്ട്.

*2. ഇടയവേല കമ്മറ്റിയെ ഏൽപ്പിക്കുക.* സാമർത്ഥ്യവും നേതൃപാടവുമുള്ള ചിലരെ തിരഞ്ഞെടുത്തു മൂപ്പന്മാരായി അവരോധിക്കുന്ന ഒരു പ്രവണത ഈ നാളുകളിൽ വർദ്ധിച്ചുവരുന്നു. ഇവർ ദൈവത്തിന്റെ കുഞ്ഞാടുകളെ പരിപാലിക്കുന്നതിനു പകരം ഭരിക്കയും തങ്ങളുടെ ഭരണ പരിഷ്ക്കാരങ്ങൾ സഭയിൽ കൊുവരികയും ആത്മീക സന്തോഷം കെടുത്തി കളയുകയും ചെയ്യും. തന്നെയുമല്ല ഇന്ന് ശുശ്രൂഷാ രംഗങ്ങളിൽ ബഹുമാനിക്കപ്പെടുന്നവരായ വ്യക്തികൾ സഭകളിൽ മൂപ്പന്മാരെ നാമനിർദ്ദേശം ചെയ്യുന്ന പ്രവണതയും വർദ്ധിച്ചുവരുന്നു. തന്മൂലം സഭാന്തരീക്ഷം രാഷ്ട്രീയവത്ക്കരിക്കപ്പെട്ടു പോകും.

3. ദൈവസഭയിൽ ഒരു പരിപാലന ക്രമമില്ലെന്നും എല്ലാ വിശ്വാസികളും ഒരുപോലെ ആണെന്നുമുള്ള ചിന്താഗതിയും ഇന്നാളുകളിൽ പ്രബലപ്പെട്ടു വരുന്നു. ഇതു വചന വിരുദ്ധമായ ചിന്താഗതിയാണ്. കർത്താവിനാൽ സ്ഥാപിതമായ സഭയിൽ വ്യക്തവും കൃത്യവുമായ ഭരണക്രമമുണ്ട് - പരിപാലന ക്രമമുണ്ട്. ആകയാൽ പരിപാലനക്രമത്തെക്കുറിച്ചു ബൈബിൾ എന്തുപറയുന്നു എന്നു നമുക്ക് ശ്രദ്ധിക്കാം.

#### മൂപ്പന്മാരുടെ നിയമനം തിരുവചന വെളിച്ചത്തിൽ

സഭയുടെ രൂപീകരണം പരിശുദ്ധാത്മാവിനാലാണ് എന്നതുപോലെ സഭയുടെ പരിപാലനക്രമവും പരിശുദ്ധാത്മാവിനാലാണ് സ്ഥാപിതമായിരിക്കുന്നത് (അ.പ്ര. 20:28).

സഭയിൽ ശുശ്രഷകരെ ദൈവം ആക്കിവെച്ചിരിക്കുന്നതിന്റെ ഉദ്ദേശം ഏകമാണ്. റോമർ 12:7-9 വാക്യങ്ങളിൽ ശുശ്രൂഷകളിലുള്ള വൈവിധ്യത്തെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നു. എഫെ 4:12, 13 വാക്യങ്ങളിൽ ഈ വിവിധ ശുശ്രൂഷകളുടെയും ശുശ്രൂഷ സ്ഥാനങ്ങളുടെയും ഏകലക്ഷ്യത്തെക്കുറിച്ചു പരിശുദ്ധാത്മാവ് വെളിപ്പെടുത്തുന്നതു ശ്രദ്ധിക്കുക; "അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യവും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലെക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മീക വർദ്ധനയ്ക്കും ആകുന്നു." ഒറ്റവാക്കിൽ സഭയുടെ ആത്മീകവർദ്ധനയാണ് ശുശ്രൂഷകന്മാരുടെ നിയമനത്തിനു പിന്നിലെ ദൈവോദ്ദേശ്യം. ശുശ്രൂഷസ്ഥാനം അലങ്കരിക്കുന്ന സുവിശേഷകനോ, മൂപ്പനോ, ഉപദേഷ്ടാവോ, ഡീക്കനോ ഇക്കാര്യം മറക്കുവാൻ പാടില്ല. കാരണം കണക്കു ബോധിപ്പിക്കാൻ ഒരുദിവസം കർത്താവ് കരുതിയിട്ടുണ്ട് (എബ്രാ. 13:17).

സുവിശേഷകന്റെ വിളിപോലെ തന്നെ ഇടയന്മാർക്കും/മൂപ്പന്മാർക്കും ഒരു ദൈവനിയോഗമുണ്ട്. ആ നിലയിൽ നിയുക്തരായവരെ പരിശുദ്ധാത്മാവ് സഭയ്ക്ക് ശുശ്രൂഷകളാൽ വെളിപ്പെടുത്തും. ഇതാണ് തിരുവെഴുത്തിൽ നാം കാണുന്ന മാതൃക (അ.പ്ര. 20:28; 14:23).

പലപ്പോഴും വേർപെട്ട സഭകളിൽ സ്വാധീനത്തിന്റെയും നായക പാടവത്തിന്റെയും ശക്തിപ്രകടനമാണ് മൂപ്പൻ സ്ഥാനത്തു നടക്കുന്നത്. ഭൗമിക തൊഴിലിൽ നിന്നു വിരമിച്ചു കഴിഞ്ഞാൽ മരിക്കുന്നതുവരെ ഇരിക്കേ സ്ഥാനമായി പലരും മൂപ്പൻ സ്ഥാനത്തെക്കുറിച്ചു ചിന്തിച്ചുപോകുന്നു. യൗവ്വനകാലത്ത് ഒരു ആത്മീക ശുശ്രൂഷയിലും കാണാതിരുന്നവരിൽ ചിലർ വാർദ്ധ്യക്യകാലത്ത് സഭയിൽവന്ന് തങ്ങളുടെ ആശയങ്ങൾ (ജഡിക) നടപ്പാക്കുന്നതിന്റെ പ്രത്യാഘാതങ്ങൾ ഇന്നു സ്ഥലം സഭകളിൽ പ്രകടമാണ്.

ഇടയന്മാർ സഭയുടെ ശുശ്രൂഷകരാണ്. പരിപാലിക്കുന്ന ശുശ്രൂഷ. ഒരു ആട്ടിടയന്റെ സ്ഥാനം. ഇന്ന് ചിലർക്കെങ്കിലും തങ്ങളുടെ അധികാരം സ്ഥാപിക്കാനുള്ള വേദിയായി മൂപ്പൻ സ്ഥാനം മാറിയിട്ടില്ലേ എന്നു ചിന്തിക്കേിയിരിക്കുന്നു. സഭയുടെ ഭരണം കർത്താവിലാണ് നിക്ഷിപ്തമായിരിക്കുന്നത്. പരിശുദ്ധാത്മാവ് അതു സഭയിൽ നടപ്പാക്കുന്നു. പരിശുദ്ധാത്മാവിന്റെ നായകത്വം സഭയ്ക്ക് വെളിപ്പെടുത്തുന്ന മൂപ്പന്മാർക്കു വചനം വ്യക്തമായ യോഗ്യതകൾ നൽകിയിട്ടുണ്ട്.

മൂപ്പന്മാരുടെ യോഗ്യതകൾ (1 തിമൊ. 3:1-10;തിത്തോ. 1:7, 10)

ഏകദേശം 30 യോഗ്യതകൾ പരിശുദ്ധാത്മാവ് മൂപ്പന്മാർക്കു കല്പിച്ചാക്കിയിട്ടു്. അവയുടെ സംക്ഷിപ്ത രൂപം / രത്നച്ചുരുക്കം ചുവടെ ചേർക്കുന്നു.

1. സാക്ഷ്യജീവിതം - സഭയ്ക്കു മുമ്പാകെ ആത്മീകനായി തെളിയിക്കപ്പെട്ടവൻ (1 തിമൊ. 3:2, 7).
2. ഉപദേശ നിശ്ചയവും ഉപദേശിപ്പാനുള്ള പ്രാപ്തിയും പ്രാഗത്ഭ്യവും (1 തിമൊ. 3:2).
3. ദൈവവചനാനുസൃതമായതും സഭയുടെ ആത്മീകാഭിവൃദ്ധിക്കുതകുന്നതുമായ തീരുമാനങ്ങൾ എടുക്കുവാനും സ്ഥലം സഭയിൽ നടപ്പാക്കുവാനും പ്രാപ്തൻ (1 തിമൊ. 3:8). തെറ്റു കാൽ ശാസിക്കാനുള്ള പ്രാപ്തിയും യോഗ്യതയുമുള്ളവൻ ആയിരിക്കണം.

പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന സഭയിൽ മൂപ്പന്മാർ സ്വയം സഭയ്ക്കു വെളിപ്പെടുത്തുകയോ, ചിലരാൽ വെളിപ്പെടുകയോ അല്ല. സഭയ്ക്കു ആ കാര്യം തന്റെ ശുശ്രൂഷകളിലൂടെ വെളിപ്പെടും. മൂപ്പൻ സ്ഥാനത്തിനു മാത്രമല്ല, ഇന്നു സഭയിലുള്ള എല്ലാ ശുശ്രൂഷാ സ്ഥാനങ്ങൾക്കും ഇതു ബാധകമാണ്. ഒരുവൻ മൂപ്പൻ, സുവിശേഷകൻ, ഉപദേഷ്ടാവ്, ഡീക്കൻ എന്നീ സ്ഥാനങ്ങളിൽ അവകാശമുന്നയിക്കയും ആ സ്ഥാനത്തിനൊത്ത യോഗ്യതയും ശുശ്രൂഷയും തന്നിൽ ഇല്ലാതിരിക്കയും ചെയ്താൽ ആ വ്യക്തി ശുശ്രൂഷാ സ്ഥാനം അലങ്കരിപ്പാൻ യോഗ്യനല്ല എന്നു സാരം. അദ്ദേഹം ശുശ്രൂഷകളിൽ നിന്നും ആ സ്ഥാനത്തു നിന്നും സ്വയം മാറി നിൽക്കുന്നതു സഭയിൽ ദൈവനാമം ദുഷിക്കപ്പെടാതിരിക്കാൻ കാരണമാകും.

സഭയിലെ ശുശ്രൂഷയ്ക്കുള്ള യോഗ്യതകൾ ഏകമാണ്. അ.പ്ര. 6:3,5 വാക്യങ്ങളിൽ ആ യോഗ്യതകൾ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിയിട്ടു്. വിശ്വാസം, പരിശുദ്ധാത്മ നിറവ്, പരിജ്ഞാനം (വചന പരിജ്ഞാനവും ശുശ്രൂഷ ചെയ്യാനുള്ള പ്രാപ്തിയും) നല്ല സാക്ഷ്യവും. ഈ ഗുണഗണങ്ങൾ ഉള്ള സുവിശേഷകന്മാരെയും മൂപ്പന്മാരെയും ഇന്നു തിരിച്ചറിയാൻ സഭയ്ക്കു കഴിയുന്നുോ? പരിശുദ്ധാത്മാവിനു വിധേയപ്പെടുന്ന ഏതു സഭയ്ക്കും ഇതു വെളിപ്പെടും.

അദ്ധ്യക്ഷൻ, ഇടയൻ, മൂപ്പൻ എന്നീ സ്ഥാനങ്ങൾ വഹിക്കുന്ന വ്യക്തിക്ക് ദൈവാത്മാവ് പ്രത്യേകമായി നൽകിയിരിക്കുന്ന യോഗ്യതകൾ സശ്രദ്ധം കുറിക്കൊള്ളേതു്. കാരണം അവർ കണക്കു കൊടുക്കേവരാണ് (എബ്രാ. 13:17).

**3. ഉപദേഷ്ടാക്കന്മാർ :** സഭയിൽ ഇടയന്മാർക്കു ഉപദേശിപ്പാനുള്ള വചന പരിജ്ഞാനവും പ്രാപ്തിയും ആവശ്യമാണെന്നു നാം കു. ഇവരുടെ ശുശ്രൂഷകൾക്കു സഹായകമായി ഉപദേഷ്ടാക്കന്മാരെയും (Teachers) ദൈവാത്മാവ് സഭയിൽ എഴുന്നേൽപ്പിക്കുന്നു. ഇടയ ശുശ്രൂഷയിൽ ഉപദേശമുങ്കെിലും ഉപദേഷ്ടാവ് ഉപദേശിപ്പാൻ നിയമിതനാണ്. ഉപദേശിപ്പാൻ ദൈവാത്മാവ് സഭയിൽ ആളുകളെ എഴുന്നേൽപ്പിക്കുമ്പോൾ ഇടയന്മാർ അവർക്ക് തങ്ങളുടെ ശുശ്രൂഷ ചെയ്യാനുള്ള അവസരങ്ങൾ സഭയിൽ ഒരുക്കേത് സഭയുടെ ആത്മീകാഭിവൃദ്ധിക്ക് ആവശ്യമാണ്.

അന്യോന്യം ശുശ്രൂഷിപ്പാനാണ് പരിശുദ്ധാത്മാവ് വിവിധങ്ങളായ കൃപാവരങ്ങളും ശുശ്രൂഷകളും സഭയ്ക്കു നൽകിയിരിക്കുന്നത്. പരസ്പരം ബഹുമാനിക്കുന്നതിൽ മുന്നിട്ടുകൊൾവിൻ എന്ന പ്രബോധനത്തിനു ഇക്കാര്യത്തിൽ അത്യന്തം പ്രാധാന്യമു്. സുവിശേഷകനും മൂപ്പനും ഉപദേഷ്ടാവും ഡീക്കനും തങ്ങൾക്കു ലഭിച്ച വിളിക്കും കൃപയ്ക്കുമനുസരിച്ച് സ്ഥലം സഭയിൽ വർത്തിക്കുമ്പോൾ സ്ഥലം സഭ ആത്മീക അഭിവൃദ്ധി പ്രാപിക്കും. ഈ ശുശ്രൂഷകന്മാർ പരസ്പരം ബഹുമാനിക്കയും ശുശ്രൂഷകളെ ബഹുമാനിക്കയും വേണം. ആത്മീകരായവർക്കു മാത്രമേ ഇക്കാര്യം സാധ്യമാകയുള്ളു. ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാക്കണമെങ്കിൽ ആത്മീകർക്കേ സാധിക്കു (എഫെ. 4:2).

സ്ഥലം സഭയിൽ എടുക്കുന്ന തീരുമാനങ്ങൾ സഭയുടെ ആത്മീക അഭിവൃദ്ധിക്കു ഉതകുന്നതാണോ എന്നു ശുശ്രൂഷകന്മാർ വചനാനുസൃതമായി പരിശോധിക്കണം. ജഡീകന്മാർ കൊുവരുന്ന ആത്മീകദർശനമില്ലാത്ത കാര്യങ്ങളെ വചനാനുസൃതമായി ചെറുക്കാനുള്ള ഉത്തരവാദിത്തം ശുശ്രൂഷകർക്കു്. കർത്താവ് ഏൽപ്പിച്ച ശുശ്രൂഷയിൽ അതിനുള്ള അധികാരമു്. കൃപയോടുകൂടി ചെയ്യണമെന്നു മാത്രം.

## അദ്ധ്യായം-3

# സ്ഥലം സഭയും ശിക്ഷണക്രമവും

പാപപങ്കിലമായ ജീവിതത്തിൽ നിന്നും യേശുക്രിസ്തുവിലുള്ള വിശ്വാസത്താലും കൃപയാലും രക്ഷിക്കപ്പെട്ടവരാണല്ലോ സഭാംഗങ്ങൾ. ആത്മീകമായി രക്ഷപ്രാപിച്ചവർ ജഡത്തിൽ തന്നെ ജീവിക്കുന്നതിനാൽ പലവിധ പാപങ്ങളും ജീവിതത്തിൽ കടന്നു കൂടാനുള്ള സാധ്യതയു്. മരണകരമായ പാപവും മരണത്തിനല്ലാത്ത പാപവുമു് (1 യോഹ. 5:16, 17). രക്ഷിക്കപ്പെട്ടവരുടെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരമാകയാൽ ആ ശരീരം കൊ് ദൈവനാമത്തിന്നപമാനം വരുത്തുന്ന വ്യക്തികൾക്കതു മരണഹേതു ആകാം. രോഗഹേതുവായ പാപങ്ങളുമു് (1 കൊരി. 11:30). അതേസമയം തന്നെ പാപങ്ങളെ ഏറ്റുപറയുമ്പോൾ ക്ഷമിക്കുന്ന ഒരു കർത്താവാണ് നമുക്കുള്ളത് (1 യോഹ. 1:7-10; 2:1-2). ഏതു പാപങ്ങൾക്കു ഏതു ശിക്ഷ നൽകണമെന്നതും ക്ഷമിക്കണമെന്നതും ക്രിസ്തുവിന്റെ പരമാധികാരത്തിൽപെട്ട കാര്യമാണ്.

ദൈവത്തിന്റെ സഭയെ പരിപാലിക്കാൻ ദൈവം നിയോഗിച്ചാക്കിയ ശുശ്രൂഷകർക്കും ചില ശിക്ഷണ സ്വാതന്ത്ര്യം തിരുവചനം അനുശാസിക്കുന്നു.

1. പാപം ചെയ്യുന്നവരെ ശേഷമുള്ളവർക്കും ഭയം ഉാകേതിന്നു പരസ്യമായി ശാസിക്കുക (1 തിമോ. 5:20). എല്ലാ തെറ്റുകളും പരസ്യമായി ശാസിക്കേതില്ല. സഭയുടെ സാക്ഷ്യത്തിനും ക്രിസ്തുവിന്റെ നാമത്തിന്നപമാനവുമായിത്തീരാവുന്ന കാര്യങ്ങൾ, ഉപദേശപരമായ പിശകുകൾ എന്നിവയെ പരസ്യമായി ശാസിക്കാം. സഭയെ പരിപാലിക്കാൻ ദൈവം നിയോഗിച്ചാക്കിയ ശുശ്രൂഷകർക്കു വിവേചനവരം ദൈവാത്മാവ് നൽകിയിട്ടു്.
2. പക്ഷമായി ചെയ്യരുത് (1 തിമൊ. 5:21). തെറ്റിനോടുള്ള ബന്ധത്തിൽ മുഖപക്ഷം കാണിക്കാനായി പാടില്ല. ശാസിക്കേ കാര്യങ്ങൾ ശാസിക്കുക തന്നെ വേണം.

3. വേഗത്തിൽ കൈവെക്കരുത് (1 തിമൊ. 5:22). ഒരു വിഷയം കൈകാര്യം ചെയ്യുമ്പോൾ സംയമനം പാലിക്കേതു്. വേഗത്തിൽ നടപടി എടുക്കാൻ സർവ്വാധികാരം കർത്താവ് നൽകിയതായി വചനത്തിൽ കാണുന്നില്ല. പ്രാർത്ഥനയാലും തിരുവചന വെളിച്ചത്തിലും വേണം അച്ചടക്ക നടപടി എടുക്കാൻ. തന്റെ അധികാരം പ്രകടിപ്പിക്കാനുള്ള വേദിയായോ വ്യക്തി വൈരാഗ്യം തീർക്കാനുള്ള അവസരമായോ ഈ സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യരുത്.

തെറ്റു ചെയ്ത വിശ്വാസി നശിച്ചു പോകണമെന്ന ചിന്തയോടെ പ്രവർത്തിപ്പാൻ പാടില്ലെന്നു ദൈവവചനം കൽപ്പിക്കുന്നു. ഒരുവനാൽ ഒരുവൻ ഒടുങ്ങിപ്പോകരുത്. തെറ്റു ചെയ്ത വിശ്വാസി വിശ്വാസം വിട്ടുഴലുവാൻ ഇടയാകരുത് (ഗലാ. 5:15). തെറ്റു ചെയ്തവനെ ശത്രു എന്നു വിചാരിക്കാതെ അവനെ യഥാസ്ഥാനപ്പെടുത്തണം എന്നതാണ് പ്രമാണം (2 തെസ. 3:15). ആകയാൽ മുൻപു കതുപോലെ വ്യക്തിപരമായി ശാസിക്കുകയാണ് ആദ്യപടി. ശാസന കൂട്ടാക്കാഞ്ഞാൽ സഭാശുശ്രൂഷകർ ചേർന്നു തെറ്റിനെ ബോദ്ധ്യപ്പെടുത്താം. ശുശ്രൂഷകരെ കൂട്ടാക്കാതെ തെറ്റിൽ തുടർന്നാൽ സഭയുടെ മുമ്പാകെ പരസ്യമായി ശാസിക്കാം. സഭയെയും കൂട്ടാക്കാഞ്ഞാൽ 1 കൊരി. 5:13ൽ പറഞ്ഞ പ്രകാരം അദ്ദേഹത്തിനു പാപത്തിൽ നിന്നു മാനസാന്തരം ഉാകും വരെ സഭയിൽ നിന്നും മാറ്റി നിർത്താവുന്നതാണ് (1 തെസ. 3:14).

ശുശ്രൂഷകന്മാരുടെ ജീവിതം സാക്ഷ്യമുള്ളതും വചനാനുസൃതവുമായിരിക്കണം. സ്വന്തം കണ്ണിൽ കോലിരിക്കെ വിശ്വാസികളുടെ കണ്ണിലെ കരടിനെതിരെ നടപടിക്കു തുനിയരുത്. സ്വന്തം ജീവിതത്തിലെ തെറ്റ് വിശ്വാസികൾക്ക് ഒരു അനുവാദ ചീട്ടായി തീരാതിരിക്കാനും ശുശ്രൂഷകർ ശ്രദ്ധിക്കണം.

ശുശ്രൂഷകനിൽ സ്ഥാനത്തിനു നിരക്കാത്ത പ്രവൃത്തി ഉായാൽ ശുശ്രൂഷയിൽ നിന്നു മാറി നിൽക്കണം. സ്വയം മാറി നിൽക്കാത്ത ശുശ്രൂഷകനെ സഭയ്ക്കു ശുശ്രൂഷയിൽ നിന്നു മാറ്റി നിർത്താം. ദുർന്നടപ്പ്, ഉപദേശ പിശക്, വിശ്വാസത്യാഗം എന്നിവയിൽ സഭാ കൂട്ടായ്മയിൽ നിന്നുതന്നെ പരസ്യമായ തർജ്ജനത്തിലൂടെ മാറ്റി നിർത്താം (കർത്തൃമേശ എന്ന വിഷയത്തോടു ബന്ധപ്പെട്ടു കൂടുതൽ വിശദീകരണം നൽകിയിട്ടു്.) ഈ മൂന്നു കാര്യങ്ങളൊഴികെ ഒരു വ്യക്തിയെ കർത്തൃമേശയിൽ നിന്നു മാറ്റി നിർത്താനുള്ള സ്വാതന്ത്ര്യം കർത്താവ് സഭയ്ക്കു നൽകിയിട്ടില്ല.

വിശ്വാസികൾക്കെതിരെയായാലും ശുശ്രൂഷകർക്കെതിരെയായാലും എടുക്കുന്ന അച്ചടക്ക നടപടി വചനാനുസൃതവും സഭയ്ക്ക് ആ വിഷയത്തിൽ ബോദ്ധ്യം വരുത്തുന്നതുമായിരിക്കണം.

സഭ കർത്താവിന്റേതാണ് എന്നും ശുശ്രൂഷകന്മാർ കേവലം ഗൃഹവിചാരകന്മാർ മാത്രമാണെന്നതുമായ വസ്തുത നാം കുറിക്കൊള്ളണം.

ഇന്നു വിശ്വാസികൾക്കും ശുശ്രൂഷകർക്കുമെതിരെ നാം വചന പ്രകാരമാണോ നടപടി സ്വീകരിക്കുന്നത്? അതിൽ മുഖപക്ഷം ഉാകുന്നുോ? ശിക്ഷണ നടപടിക്കു പിന്നിലെ ചേതോവികാരമെന്ത്? (3 യോഹ. 9, 10) തുടങ്ങിയ കാര്യങ്ങൾ ശോധന ചെയ്യണം.

കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ മാത്രം നടപടി എടുക്കുന്നതും ശരിയല്ല. വ്യക്തമായ അന്വേഷണവും തെളിവുകളും ഉാവണം. (1 തിമൊ. 5:19). ശുശ്രൂഷാരംഗത്ത് ശോഭിക്കുന്നവരെ ഒടുക്കിക്കളയുവാൻ ജഡികരായവർ എക്കാലത്തും ശ്രമിച്ചിട്ടു്. വ്യക്തമായ തെളിവുകളും ദൈവമുമ്പാകെ ആരോപിതനായ വ്യക്തിയുടെ സാക്ഷ്യപ്പെടുത്തലും, ദൈവവചനാനുസൃതമായ തീരുമാനങ്ങളും ആവശ്യം.

## അദ്ധ്യായം-4

# സ്ഥലം സഭയും സുവിശേഷീകരണവും

പെന്തക്കോസ്തുനാളിൽ പത്രോസ് അപ്പോസ്തോലൻ ആരംഭിച്ച കൃപയുടെ സുവിശേഷ വേല കർത്താവ് സ്ഥലം സഭകളിലൂടെയാണ് നിറവേറ്റിയത്. ദൈവജനം ഒരുമിച്ചു കൂടി സ്വർഗ്ഗീയ സന്തോഷം പങ്കുവെച്ച് കഴിഞ്ഞപ്പോൾ - ഒരുപദ്രവം നൽകികൊ് സുവിശേഷം ലോകമെങ്ങും വ്യാപിക്കാനുള്ള ദൈവിക പദ്ധതി കർത്താവ് സാധ്യമാക്കി.

### സുവിശേഷീകരണം

സുവിശേഷം എന്നതിന്റെ വാച്യാർത്ഥം നല്ല വർത്തമാനം എന്നാണ്. സഭയോടുള്ള ബന്ധത്തിൽ സുവിശേഷത്തിനു ദൈവാത്മാവ് നൽകുന്ന നിർവചനം "ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തു" എന്നത്രേ (2 തിമോ. 2:8). ഒറ്റവാക്കിൽ പറഞ്ഞാൽ യേശുക്രിസ്തു ആണ് സുവിശേഷം.

യേശുക്രിസ്തു മുഖാന്തരം മനുഷ്യൻ ദൈവത്തിൽ തങ്ങളുടെ ആശ്രയം അർപ്പിക്കേതിന്നു പരിശുദ്ധാത്മ ശക്തിയാൽ ക്രിസ്തുവിനെ മനുഷ്യർക്കു മുമ്പാകെ അവതരിപ്പിക്കുന്ന പ്രവൃത്തിയാണ് സുവിശേഷീകരണം. ഒറ്റ വാക്കിൽ പറഞ്ഞാൽ സുവിശേഷീകരണം എന്നാൽ ക്രിസ്തുവിനെ പ്രസംഗിക്കുകയാണ് (Preaching Christ).

### സുവിശേഷീകരണത്തിൽ ശ്രദ്ധിക്കേ കാര്യങ്ങൾ

1. ശുദ്ധ മനസാക്ഷിയോടെ അറിയിക്കണം (1 തിമോ. 3:9).
2. ഉപദേശപരമായി വ്യതിചലിക്കപ്പെടാതെ അറിയിക്കണം (1 തിമോ. 4:16).
3. ആത്മഭാരത്തോടെ അറിയിക്കണം (2 കൊരി. 11:28).
4. കർത്താവിന്റെ കൽപന എന്ന ബോദ്ധ്യത്തോടെ അറിയിക്കണം (ഗലാ. 1:17).
5. ലളിതമായി അറിയിക്കണം (1 കൊരി. 2:4,5).
6. സന്തോഷത്തോടെ അറിയിക്കണം (1 തിമൊ. 1:12).

സുവിശേഷം ഫലകരമാകണമെങ്കിൽ ചുവടെ ചേർക്കുന്ന 3 കാര്യങ്ങൾ അത്യന്താപേക്ഷിതമാണ്.

a. ആത്മീക ഐക്യത / ഏക ഭാവം (അ.പ്ര. 1:14; 2:1; 44; 4:32, 5:12).
b. വിശുദ്ധ ജീവിതം / സാക്ഷ്യജീവിതം.
c. ആത്മീക ഐക്യതയുള്ള പ്രാർത്ഥന (അ.പ്ര. 2:145; 3:1; 4:31).

### സുവിശേഷീകരണത്തിനുള്ള അടിസ്ഥാന യോഗ്യതകൾ

1. സ്വന്തം രക്ഷയെക്കുറിച്ചുള്ള ബോദ്ധ്യവും നിശ്ചയവും (1 പത്രോ. 3:15)
2. ദൈവത്തിലും ദൈവവചനത്തിന്റെ ശക്തിയിലുമുള്ള വിശ്വാസവും ആശ്രയവും (1 തിമോ 4:6).
3. ക്രമീകൃതമായ പ്രാർത്ഥനാ ജീവിതം (എഫെ. 6:19, 20).
4. ദൈവമക്കളെന്ന നിലയിലുള്ള വേർപെട്ട ജീവിതരീതി - മാതൃകാ ജീവിതവും നടപ്പും (1 തിമൊ. 4:12).
5. ക്രിസ്തുവിന്റെ മനോഭാവം (2 കൊരി. 3:18)
6. ആത്മനിറവുള്ള ജീവിതാനുഭവം (അ.പ്ര. 4:31; 2:4)
7. ക്രിസ്തുവിന്റെ സ്വഭാവം (ഗലാ. 5:22, 23)

### സുവിശേഷത്തിനു തിരുവചനം നൽകിയിരിക്കുന്ന പേരുകൾ

1. *ദൈവത്തിന്റെ സുവിശേഷം (Gospel of God) റോമ 1:1 :* സുവിശേഷത്തിന്റെ ഉപജ്ഞാതാവ് പിതാവാം ദൈവം ആണ്.

2. *ക്രിസ്തുവിന്റെ സുവിശേഷം (Gospel of Christ) റോമ 1:16 :* സുവിശേഷത്തിന്റെ 'തീം' ക്രിസ്തു ആണ്.

3. *ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷം (Gospel of the glory of Christ) 2 കൊരി. 4:4 :* സുവിശേഷത്തിന്റെ മഹത്വത്തെ ഈ നാമം കുറിക്കുന്നു.

4. *ദൈവകൃപയുടെ സുവിശേഷം (Gospel of the grace of God) - അ.പ്ര. 20:24 :* സുവിശേഷത്തിന്റെ സ്വഭാവത്തെ കുറിക്കുന്ന നാമം.

5. *സമാധാനത്തിന്റെ സുവിശേഷം എഫെ. 6:15 :* സുവിശേഷത്തിന്റെ ഫലത്തെയാണ് ഈ നാമം കുറിക്കുന്നത്.

6. *രക്ഷയെക്കുറിച്ചുള്ള സുവിശേഷം (Gospel of Salvation) എഫെ. 1:13 :* സുവിശേഷത്തിന്റെ വ്യക്തിപരമായ അനുഭവത്തെ കുറിക്കുന്നു.

7. *എന്റെ സുവിശേഷം (My Gospel) (റോമ. 2:16) :* രക്ഷ നമ്മുടെ അവകാശമാകുന്നതിനെ കുറിക്കുന്നു.

**സുവിശേഷീകരണ വിധങ്ങൾ**

ഓരോ കാലയളവിലും സവിശേഷമായ മാർഗ്ഗങ്ങൾ സുവിശേഷീകരണത്തിന്നായി ഉപയോഗിക്കാനുള്ള നടത്തിപ്പ് പരിശുദ്ധാത്മാവ് ദൈവജനത്തിനു നൽകി വരുന്നു. ചുവടെ ചേർക്കുന്ന മാർഗ്ഗങ്ങൾ അവയിൽ ശ്രദ്ധേയങ്ങളാണ്.

വ്യക്തിപരമായ സുവിശേഷീകരണം

പരസ്യയോഗങ്ങൾ

ലഘുലേഖകൾ

ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ

ഇന്റർനെറ്റ്

മെയിൽ ബോക്സ് ഇവാഞ്ചലിസം

ആശുപത്രികളിലൂടെയുള്ള സുവിശേഷീകരണം

ആതുര സേവന മാർഗ്ഗങ്ങൾ,

വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങി ഫലകരമായി സുവിശേഷത്തിനു സാക്ഷ്യം വഹിക്കാവുന്ന തലങ്ങൾ നിരവധിയാണ്. ഇവയിൽ എക്കാലത്തും നൂറു ശതമാനം ഫലകരമായതു വ്യക്തിപരമായ സുവിശേഷീകരണമാണ്. ഭവന സന്ദർശനം, സൗഹൃദസ്ഥാപനം തുടങ്ങിയ മാർഗ്ഗങ്ങൾ ഇതിനുപകരിക്കും.

## സുവിശേഷ വേലയിലെ തടസ്സങ്ങൾ

- വേലക്കാർ തന്നെയാണ് പലപ്പോഴും വേലയ്ക്കു തടസ്സമാകുന്നത്. സ്വാർത്ഥ താല്പര്യ സംരക്ഷണത്തിനു വേിയുള്ള കുതന്ത്രാവിഷ്ക്കരണങ്ങളും ദ്രവ്യാഗ്രഹത്തിനു പിന്നാലെയുള്ള ഓട്ടവും വേലയ്ക്കു തടസ്സമാകുന്നു. വേലക്കാർ തമ്മിലുള്ള പടല പിണക്കങ്ങളും ദ്വന്ദപക്ഷങ്ങളും സാക്ഷ്യമില്ലാത്ത ജീവിതവും വേലയുടെ ഫലപ്രാപ്തിക്കു തടസ്സമാകുന്നു.
- പ്രാർത്ഥനയുടെ അഭാവം.
- ആത്മീക ഐക്യതയുടെ അഭാവം.
- വചന പരിജ്ഞാനത്തിന്റെ അഭാവം.
- ആത്മസമർപ്പണത്തിന്റെ അഭാവം.
- സ്ഥാനമാനങ്ങൾക്കായുള്ള വിരത്തോട്ടത്തിൽ ത്യജിക്കപ്പെട്ടു പോകുന്ന ഭക്തിയുള്ള ജീവിതം.
- ദൈവമക്കളാണെന്ന ബോദ്ധ്യത്തിലും കർത്തൃകല്പന അനുസരിക്കാനുള്ള ആത്മാർത്ഥതയിലും ഉാകുന്ന പതനങ്ങൾ.

സുവിശേഷം കർത്താവ് ഭരമേൽപ്പിച്ചതു തന്റെ സ്വന്ത രക്തം കൊ് വീടെടുത്ത സഭയെയാണ്.

കൃപായുഗത്തിൽ ദൈവിക മർമ്മങ്ങൾ സഭമുഖാന്തരമാണ് വെളിപ്പെടുന്നത് (എഫെ. 3:11). സുവിശേഷത്തിന്റെ മർമ്മവും സഭയിലൂടെയാണ് വെളിപ്പെടുന്നത്. യെരുശലേം സഭ ആത്മീകമായി കൂടിവരവിലും പ്രാർത്ഥനയിലും വചനപഠനത്തിലും ഉറ്റിരുന്നപ്പോൾ സുവിശേഷ ദൗത്യം ദൈവാത്മാവ് സഭയ്ക്കു വെളിപ്പെടുത്തി.

ഇന്ന് ഈ ദൗത്യം സംഘടനാ പ്രവർത്തനങ്ങൾക്കു വഴിമാറിക്കൊിരിക്കുന്നു. സഭകളുടെ പങ്കാളിത്തം കേവലം സാമ്പത്തിക സഹകരണമായി മാറി. ഈ മാറ്റത്തിന്റെ പരിണിത ഫലമാണ് ഇന്നത്തെ സ്ഥലം സഭകളുടെ ശോചനീയാവസ്ഥയ്ക്കു ഒരു കാരണം. ഇന്നു സ്ഥലം സഭകൾ വളരണമെങ്കിൽ സുവിശേഷീകരണത്തിൽ ഉണരണം. സ്ഥലം സഭയിൽ പ്രാർത്ഥനാ കൂടിവരവുകളും, ബൈബിൾ ക്ലാസുകളും, ധാരാളമായി ഉാകുമ്പോൾ - അതിൽ ഉറ്റിരിക്കുമ്പോൾ മാത്രമേ ഫലകരമായ സുവിശേഷീകരണം സാധ്യമാകൂ. അതാണ് ദൈവികപദ്ധതി (അ.പ്ര. 11:1-3).

ദൈവജനത്തിനു മദ്ധ്യേ ഭൗതികത വർദ്ധിച്ചു വരുകയും സുവിശേഷ വേലയിലും ആത്മീക ദർശനത്തിലും വ്യതിചലനം വരികയും ചെയ്തതാണ് ഇന്ന് സ്ഥലം സഭകൾ ശുഷ്ക്കിച്ചു വരുവാൻ ഒരു കാരണം. സഭാ ശുശ്രൂഷകരുടെ ആത്മീക ദർശനം വചനാനുസൃതം ആയെങ്കിൽ മാത്രമേ പുതിയ ഫലങ്ങൾ (ആത്മാക്കൾ) സഭകളോടു ചേർക്കപ്പെടുകയുള്ളു. ഇന്നു പല പ്രവർത്തനങ്ങളും കേവലം ചടങ്ങുകളായി നടക്കുകയാണ്. നമ്മുടെ ആത്മീക ദർശനവും, വചനത്തോടുള്ള സമർപ്പണവും ദൈവഹിത പ്രകാരമാകണം. നമ്മുടെ സഭാ ജീവിതത്തിൽ വചനത്തിലേക്കും കർത്താവിന്റെ സന്നിധിയിലേക്കും ഒരു മടങ്ങി വരവ് ആവശ്യമായിരിക്കുന്നു.

**സംഗ്രഹം**

ദൈവം തന്റെ അനാദി നിർണ്ണയ പ്രകാരം സ്വന്ത പുത്രനിലൂടെ ഒരുക്കിയ രക്ഷയാലും പരിശുദ്ധാത്മ സ്നാനത്താലും സ്ഥാപിതമാണ് ക്രിസ്തീയ സഭ. സഭയ്ക്കു വ്യക്തവും കൃത്യവുമായ പരിപാലനക്രമമു്. സഭയുടെ ആത്മീക വർദ്ധനയ്ക്കും പോഷണത്തിനുമായി ശുശ്രൂഷകരെയും സഭയിൽ ദൈവം ആക്കിയിട്ടു്. ദൈവാത്മാവിനും ദൈവവചനത്തിനും വിധേയപ്പെട്ടു ശുശ്രൂഷകരും വിശ്വാസികളും പ്രവർത്തിക്കുമ്പോൾ രക്ഷയുടെ സന്തോഷം നന്നായി അനുഭവിക്കാൻ കഴിയും. ഈ അനുഭവത്തിലേക്കു വരുവാൻ ഈ പഠനം ഒരു മുഖാന്തരമായിത്തീരട്ടെ.

# എഴുത്തുകാർ



**ഡോ. ജോൺസൺ സി. ഫിലിപ്പ് :** ഊർജ്ജ തന്ത്രത്തിലും ദൈവശാസ്ത്രത്തിലും ഡോക്ടറേറ്റു നേടിയിട്ടുള്ള ഇദ്ദേഹം ക്രിസ്തീയ ന്യായവാദജ്ഞനും എഴുത്തുകാരനുമാണ്. ഇദ്ദേഹത്തിന്റെ തൂലികയിൽ നിന്നും 7000ൽപരം ലേഖനങ്ങളും 75ൽ പരം പുസ്തകങ്ങളും ക്രൈസ്തവ കൈരളിക്കു ലഭിച്ചിട്ടു്.



**ഡോ. സനീഷ് ചെറിയാൻ :** സോഷ്യോളജിയിൽ ബിരുദാനന്തര ബിരുദവും ദൈവശാസ്ത്രത്തിലും വേദപുസ്തക ശാസ്ത്രത്തിലും ഡോക്ടറേറ്റും നേടിയിട്ടുള്ള ഇദ്ദേഹം സോഷ്യോളജിയിൽ ഗവേഷണം നടത്തുന്നു. ഇദ്ദേഹം സമ്പൂർണ്ണ ദൈവശാസ്ത്രം, ക്രിസ്തീയ ന്യായവാദശാസ്ത്രം, സത്യം ബൈബിൾ എൻസൈക്ലോപീഡിയ തുടങ്ങിയ ഗ്രന്ഥങ്ങളുടെ രചനയിൽ പങ്കുവഹിച്ചിട്ടു്.